ഓഗസ്റ്റ് 4–6 തീയതികളിൽ കോഴിക്കോടുവച്ചും നവംബർ 3–5 തീയതികളിൽ തൃശൂർവച്ചും സോഷ്യോ ഇക്കണോമിക് യൂണിറ്റുകളുടെ റിവ്യൂ മീറ്റിം ഗ് നടക്കുകയുണ്ടായി.

വാട്ടർ അതോറിറ്റി പർച്ചേസ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. കെ. പത്മനാഭൻ ആചാരിയും സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ എക്സിക്യൂട്ടീവ് കോ-ഓർഡിനേറ്റർ ഡോ. കെ. ബാലചന്ദ്രക്കുറുപ്പും വേസ്റ്റ് നോട്ടാപ്പിന്റെ പരിശോധനക്കുവേണ്ടി ജൂലായ് 5–7 തീയതികളിൽ കോയമ്പത്തൂരുള്ള ഈസ്‌ലാൻഡ് കമ്പയിൻസ് സന്ദർശിച്ചു.

സോഷ്യോ ഇക്കണോമിക് യൂണിറ്റ് വടക്കൻ മേഖലയിലെ മിസ്. എലിസബത്ത് സക്കറിയ നൗഡ നടത്തിയ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് ആഗസ്റ്റ് 20–22 തീയതികളിൽ ഔറംഗബാദ് സന്ദർശിച്ചു.

സോഷ്യോ ഇക്കണോമിക് യൂണിറ്റ് വടക്കൻ മേഖലയിലെ മിസ്. എലിസബത്ത് സക്കറിയയും തെക്കൻ മേഖലയിലെ ശ്രീ. ജോർജ് വർഗ്ഗീസും മിറാഡയും ഡാനിഡയും സംയുക്തമായി സംഘടിപ്പിച്ച പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസൽ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനുവേണ്ടി സെപ്റ്റംബർ 2–4 തീയതികളിൽ മൈസൂർ സന്ദർശിച്ചു.

സോഷ്യോ ഇക്കണോമിക് യൂണിറ്റ് എക്സിക്യൂട്ടീവ് കോ-ഓർഡിനേറ്റർ ഡോക്ടർ. കെ. ബാലചന്ദ്രക്കുറുപ്പ്, ഗ്രാമവികസന വകുപ്പ്, ഗവണ്മെന്റ് ഓഫ് ഇന്ത്യ നടത്തിയ സെമിനാറിൽ പങ്കെടുക്കുന്നതിന് സെപ്റ്റംബർ 16–18 തീയതികളിൽ ഡൽഹി സന്ദർശിച്ചു.

ഒക്ടോബർ 8–ാം തീയതി തിരുവനന്തപുരത്തുവെച്ച് കോ–ഓർഡിനേറ്റിംഗ് കമ്മറ്റി മീറ്റിംഗ് നടക്കുകയുണ്ടായി.

കോ-ഓർഡിനേറ്റിംഗ് ഓഫീസിലെ ഫൈനാൻസ് ഓഫീസർ ശ്രീ. പി. ഹരീഷ് കുമാറും സോഷ്യോ ഇക്കണോമിക് യൂണിറ്റ് വടക്കൻ മേഖലയിലെ ഓഫീസ് സൂപ്രണ്ട് ശ്രീ. വാസുദേവൻ നമ്പൂതിരിയും ഡാനിഡ നടത്തിയ അക്കൗണ്ട്സ് സെമിനാറിൽ പങ്കെടുക്കുന്നതിന് ഒക്ടോബർ 13–18 തീയതികളിൽ ഭുവനേശ്വർ സന്ദർശിച്ചു.

ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസിലെ സ്റ്റേറ്റ് മാസ് മീഡിയ എഡ്യൂക്കേഷൻ ഓഫീസർ ശ്രീമതി. ശോശാമ്മ ചാക്കോ, എസ്.ഇ.യു. സെൻട്രലിലെ പ്രോഗ്രാം ഓഫീസർ മിസ്. ത്രേസ്യാമ്മ മാത്യു, എസ്.ഇ.യു. നോർത്തിലെ പ്രോഗ്രാം ഓഫീസർ ശ്രീമതി. രമാദേവി, അസിസ്റ്റന്റ് എഞ്ചിനിയർ ജോർജ്കുട്ടി, എസ്.ഇ.യു. സൗത്ത് പ്രോഗ്രാം ഓഫീസർ ശ്രീ. ജോർജ് വർഗ്ഗീസ് എന്നിവർ എ.സി.ഡി.ഐ.എൽ നടത്തിയ പാർട്ടിസിപ്പേറ്ററി ട്രെയിനിംഗ് വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നതിന് ഒക്ടോബർ 19–24 തീയതികളിൽ ഗോവ സന്ദർശിച്ചു.

ഡാനിഡ അഡ്വൈസേഴ്സ് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് സോഷ്യോ ഇക്കണോമിക് അഡ്വൈസർ മിസ്. കാതലീൻ ഷോർഡ് ഒക്ടോബർ 27–31 തീയതികളിൽ ഡൽഹി സന്ദർശിച്ചു.

ജല അതോറിറ്റി കൾച്ചറൽ ആൻഡ് സ്പോർട്ട്സ് സമിതിയും സോഷ്യോ ഇക്കണോമിക് യൂണിറ്റും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും യോജിച്ച് കേരളത്തിലുടനീളമുള്ള സ്കൂൾ കുട്ടികൾക്കുവേണ്ടി ജലവും പരിസ്ഥിതിയും എന്ന വിഷയത്തെക്കുറിച്ച് ചിത്രരചന – പ്രസംഗമത്സരവും ഒക്ടോബർ 18–ന് തിരുവനന്തപുരത്തുവച്ച് നടത്തി. മത്സരത്തിൽ വിജയിച്ച കുട്ടികൾക്ക് സംസ്ഥാനഗവണ്മെന്റിന്റെ കൾച്ചറൽ അഫയേഴ്സ് കമ്മീഷണറും സെക്രട്ടറിയും ആയ ഡോക്ടർ ഡി. ബാബുപോൾ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

ചിലവുകുറഞ്ഞ കക്കൂസ് നിർമ്മാണത്തെക്കുറിച്ച് ഒരു വർക്ക്ഷോപ്പ് തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ ഡിസംബർ 7–8 തീയതികളിൽ നടന്നു. വാട്ടർ അതോറിറ്റി, പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നീ ഓഫീസുകളിലെ സീനിയർ ഓഫീസർമാരും, സോഷ്യോ ഇക്കണോമിക് യൂണിറ്റിലെ മിസ്. കാതലീൻ ഷോർഡ്, ഡോക്ടർ കെ. ബാലചന്ദ്രക്കുറുപ്പ്, ശ്രീ. കെ.എ. അബ്ദുള്ള, ശ്രീ. ഐസക് ജോൺ എന്നിവരും കൊളച്ചേരി പഞ്ചായത്തിൽനിന്നും പ്രസിഡന്റ് ശ്രീ. ദാമോദരൻ നമ്പ്യാർ, ശ്രീ. കെ. മോഹനൻ, എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ. രമേശൻ, എക്സിക്യൂട്ടീവ് ഓഫീസർ, കൈയ്യമംഗലം വാർഡ് വാട്ടർ കമ്മിറ്റി സെക്രട്ടറി ശ്രീ. കെ.കെ. പുഷ്പൻ എന്നിവരും പങ്കെടുത്തു.

## സന്ദർശകർ

ലണ്ടൻ ബ്രാഡ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ഡോക്ടർ മജുംദാറും, ശ്രീ. സുബാഷ് ചന്ദ്രയും, പന്ത്രണ്ട് ട്രെയിനികളും സോഷ്യോ ഇക്കണോമിക് യൂണിറ്റ്സിന്റെ കോ. ഓർഡിനേറ്റിംഗ് ഓഫീസും, വക്കം അഞ്ചംഗോ സ്കീമുള്ള പഞ്ചായത്തുകളിലെ വിവിധതരത്തിലുള്ള സോഷ്യോ ഇക്കോണോമിക് പരിപാടികൾ കാണുന്നതിനുവേണ്ടി ആഗസ്റ്റ് 17–ാം തീയതി സന്ദർശിക്കുകയുണ്ടായി.

സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുവാനായി ബാംഗ്ലൂർ ഡാനിഡ ഓഫീസിലെ സോഷ്യോളജിസ്റ്റ് മിസ്. എസ്. വി. അനിത ആഗസ്റ്റ് 17–21 തീയതികളിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ മൂന്നു ഓഫീസുകളും സന്ദർശിച്ചു.

ശ്രീ. എറിക് ഷോസ്‌ലേവ് ജൻസൺ, ശ്രീ. മാർട്ടിൻ ബ്ലോക്‌ലാൻഡ്, ശ്രീ. ജൻസ് ഷോസ്‌ലേവ്, ശ്രീ. ഡേവിഡ് ടോഡ്, ശ്രീമതി. ജോവ്ന ഹാൺമേജർ, ശ്രീ. ജൻസ് ബ്യൂറേ, ശ്രീ. വിജയകുമാർ, ശ്രീ. വി.ആർ. അയ്യർ എന്നീ റിവ്യൂമിഷൻ ടീം അംഗങ്ങൾ ബൈലാറ്ററൽ സഹായമുള്ള ശുദ്ധജലവിതരണപദ്ധതികളും സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ പ്രവർത്തനങ്ങളും വീക്ഷിക്കുന്നതിനുവേണ്ടി സെപ്റ്റംബർ 22 – ഒക്ടോബർ 8 തീയതികളിൽ കേരളം സന്ദർശിച്ചു.

ന്യൂഡൽഹി ഡാനിഷ് കാര്യാലയത്തിലെ ഉദ്യോഗസ്ഥയായ ശ്രീമതി മെറ്റെ ജാക്കബ്സ്ഗാർഡ് ഒക്ടോബർ 7–8 തീയതികളിൽ കേരളം സന്ദർശിച്ചു.

ന്യൂഡൽഹിയിൽ നെതർലൻഡ്സ് കാര്യാലയത്തിലെ ഫസ്റ്റ് സെക്രട്ടറി ശ്രീ. പീറ്റർ ഫ്ളിക് ഒക്ടോബർ 7–8, നവംബർ 22–26 തീയതികളിലും കേരളം സന്ദർശിക്കുകയുണ്ടായി.

കേരളത്തിലെ ചിലവുകുറഞ്ഞ കക്കൂസ് നിർമ്മാണത്തെപ്പറ്റി പഠിക്കുന്നതിനുവേണ്ടി മദ്രാസ് ഇന്ത്യൻ മാർക്കറ്റ് റിസർച്ച് ബ്യൂറോയിലെ പ്രോജക്ട് ഡയറക്ടർ ശ്രീ. എച്ച്.എസ്. ഗിരീഷ് ഡിസംബർ 28–ന് കൊ–ഓർഡിനേറ്റിംഗ് ഓഫീസ് സന്ദർശിച്ചു.



# കേരള വാട്ടർ അതോറിറ്റി/ സോഷ്യോ ഇക്കണോമിക് യൂണീറ്റ് വാർത്തകൾ

ടെക്നിക്കൽ മെംപർ ആയിരുന്ന ശ്രീ എം.പി. മോഹനെ സ്ഥാനക്കയറ്റം നൽകി മാനേജിംഗ് ഡയറക്ടറായി നിയമിച്ചു. ശ്രീ. പത്മനാഭൻ നായർ റിട്ടയർ ചെയ്ത ഒഴിവിലേക്കാണ് ഈ നിയമനം.

ചീഫ് എൻജിനിയർ (വടക്കൻ മേഖല) ആയിരുന്ന ശ്രീ. എ.കെ. സദാനന്ദനെ സ്ഥാനക്കയറ്റം നൽകി വാട്ടർ അതോറിറ്റി ആസ്ഥാനത്ത് ടെക്നിക്കൽ മെംപർ ആയി നിയമിച്ചു.

ചീഫ് എൻജിനിയർ (തെക്കൻ മേഖല) ആയിരുന്ന ശ്രീ. എ. വീരാൻപിള്ളയെ ചീഫ് എൻജിനിയറായി (വടക്കൻ മേഖല) മാറ്റി നിയമിച്ചു.

കൊച്ചിൻ പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയർ ആയിരുന്ന ശ്രീ. ജി.എച്ച്. യാക്കൂബ് സേട്ടിനെ സ്ഥാനക്കയറ്റം നൽകി തെക്കൻ മേഖലയിലെ ചീഫ് എൻജിനിയർ ആയി നിയമിച്ചു.

പബ്ളിക് ഹെൽത്ത് സർക്കിൾ, തിരുവനന്തപുരത്തെ സൂപ്രണ്ടിംഗ് എൻജിനിയർ ആയിരുന്ന ശ്രീ. പി. രാമചന്ദ്രൻ നായരെ സ്ഥാനക്കയറ്റം നൽകി പൊതു ആസൂത്രണ സംവിധാനത്തിലെ ചീഫ് എൻജിനിയർ ആയി നിയമിച്ചു. ശ്രീ. കെ. നൈഷധൻ റിട്ടയർ ചെയ്ത ഒഴിവിലേക്കാണ് ഈ നിയമനം.

ചീഫ് എൻജിനിയർ ഓഫീസിലെ (തെക്കൻ മേഖല) ഡെപ്യൂട്ടി ചീഫ് എൻജിനിയർ ആയിരുന്ന ശ്രീ. കെ.ജെ. വർക്കിയെ പബ്ളിക് ഹെൽത്ത് സർക്കിളിലെ (കോഴിക്കോട്) സൂപ്രണ്ടിംഗ് എൻജിനിയർ ആയി നിയമിച്ചു. ശ്രീ. അബ്ദുൾ വഹാബ് റിട്ടയർ ചെയ്ത ഒഴിവിലേക്കാണ് ഈ നിയമനം.

പബ്ളിക് ഹെൽത്ത് സർക്കിളിലെ (തൃശൂർ) സൂപ്രണ്ടിംഗ് എൻജിനിയർ ആയിരുന്ന ശ്രീ. എൻ.എസ്. രഞ്ജനനെ ചീഫ് എൻജിനിയർ ഓഫീസ് (വടക്കൻ മേഖല) യിലെ ഡെപ്യൂട്ടി ചീഫ് എൻജിനിയറായി നിയമിച്ചു.

ചീഫ് എൻജിനിയർ ഓഫീസിലെ (വടക്കൻ മേഖല) ഡെപ്യൂട്ടി ചീഫ് എൻജിനിയർ ആയിരുന്ന ശ്രീ. സൈമൺ പീറ്ററെ കൊച്ചി ഐ.പി.ഡിയിൽ ഡെപ്യൂട്ടി ചീഫ് എൻജിനിയറായി നിയമിച്ചു.

കൊച്ചി ഐ.പി.ഡി ഡെപ്യൂട്ടി ചീഫ് എൻജിനിയർ ആയിരുന്ന ശ്രീ വി.കെ. തങ്കപ്പനെ കണ്ണൂർ പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയറായി നിയമിച്ചു.

കണ്ണൂർ പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയർ ആയിരുന്ന ശ്രീ. ആർ.വി.എ. തമ്പുരാനെ തൃശൂർ പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയറായി നിയമിച്ചു.

കൊല്ലം പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയർ ആയിരുന്ന ശ്രീ. കെ. മുരളീധരപണിക്കരെ കൊച്ചിൻ പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയർ ആയി മാറ്റി നിയമിച്ചു.

പ്രിമൊ പൈപ്പ് ഫാക്ടറി മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ. എം. സബാസിനെ കൊല്ലം പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയറായി നിയമിച്ചു.

വാട്ടർ അതോറിറ്റി ആസ്ഥാനത്തെ സൂപ്രണ്ടിംഗ് എൻജിനിയർ ആയിരുന്ന ശ്രീ. എം. ആസാദിനെ ചീഫ് എൻജിനിയറുടെ (തെക്കൻ മേഖല) ആഫീസിൽ ഡെപ്യൂട്ടി ചീഫ് എൻജിനിയറായി നിയമിച്ചു.

തിരുവല്ല വാട്ടർ സപ്ലൈ പ്രോജക്ട് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയർ ആയിരുന്ന ശ്രീ മൊഹമ്മദ് സൂഫിയെ സ്ഥാനക്കയറ്റം നൽകി വാട്ടർ അതോറിറ്റി ആസ്ഥാനത്ത് സൂപ്രണ്ടിംഗ് എൻജിനിയർ (മോണിട്ടറിംഗ് & ലോ കോസ്റ്റ് സാനിറ്റേഷൻ) ആയി നിയമിച്ചു.

വാട്ടർ അതോറിറ്റി ആസ്ഥാന ആസൂത്രണ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എൻജിനിയർ ആയിരുന്ന ശ്രീ. ജി. സതീഷിനെ തിരുവനന്തപുരം പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയറായി നിയമിച്ചു.

സെൻട്രൽ സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ആയിരുന്ന ശ്രീ. ടി.കെ. രഘുനാഥനെ സ്ഥാനക്കയറ്റം നൽകി എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

എക്സിക്യൂട്ടീവ് എൻജിനിയർ ആയിരുന്ന ശ്രീ. സി.എൻ. പ്രസന്നകുമാറിനെ കൊല്ലം വേൾഡ് ബാങ്ക് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയർ ആയി നിയമിച്ചു.

വിജിലൻസ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. എം. രാധാകൃഷ്ണനെ തിരുവനന്തപുരം പബ്ളിക് ഹെൽത്ത് ഡ്രെയിനേജ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

പബ്ളിക് ഹെൽത്ത് ഡ്രെയിനേജ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. കെ. വിജയകുമാരൻ നായരെ തിരുവനന്തപുരം പബ്ളിക് ഹെൽത്ത് ഓഗ്മെൻന്റേഷൻ ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

എക്സിക്യൂട്ടീവ് എൻജിനിയർ (തെക്കൻ മേഖല) ശ്രീ. ജി. കേശവഅയ്യരെ വാട്ടർ അതോറിറ്റി ആസ്ഥാന ആസൂത്രണ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

മലപ്പുറം ഐ.പി.ഡി.യിലെ എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. കെ. ഭാസ്ക്കരനെ തൃശൂർ പാവറട്ടി ബൈലാറ്ററൽ സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയറുടെ പി.എ. ആയി നിയമിച്ചു.

പാവറട്ടി ബൈ ലാറ്ററൽ സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയറുടെ പി.എ ആയിരുന്ന ശ്രീ. എ. അരുണാചലത്തിനെ (തെക്കൻമേഖല) ചീഫ് എൻജിനിയർ ഓഫീസിലെ എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

ഷൊർണ്ണൂർ ഐ.പി.ഡി.യിലെ എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. കെ. രംഗസുതിനെ തൃശൂർ പബ്ളിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനിയറുടെ പി.എ. ആയി നിയമിച്ചു.

സുൽത്താൻ ബത്തേരി പബ്ളിക് ഹെൽത്ത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. അബ്ദുൾ മജീദിനെ മട്ടന്നൂർ പബ്ളിക് ഹെൽത്ത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. ജോർജ് മാത്യുവിനെ തൊടുപുഴ പബ്ളിക് ഹെൽത്ത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയറായി മാറ്റി നിയമിച്ചു.

തൊടുപുഴ പബ്ളിക് ഹെൽത്ത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. എൻ.പി. ആൻഡ്രൂസിനെ തിരുവല്ല വാട്ടർ സപ്ലൈ പ്രോജക്ട് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

ഷൊർണ്ണൂർ ഐ.പി.ഡി ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. കെ.വി ഈശ്വരനെ സ്ഥാനക്കയറ്റം നൽകി എക്സിക്യൂട്ടീവ് എൻജിനിയറായി നിയമിച്ചു.

മലപ്പുറം ഐ.പി.ഡി ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. രവീന്ദ്രനെ എക്സിക്യൂട്ടീവ് എൻജിനിയറായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു.

പെരുമ്പാവൂർ പബ്ളിക് ഹെൽത്ത് ഡിവിഷനിലെ ശ്രീ. എം.കെ. മൊഹിയുദീനെ സ്ഥാനക്കയറ്റം നൽകി എക്സിക്യൂട്ടീവ് എൻജിനിയറായി കണ്ണൂർ സൂപ്രണ്ടിംഗ് എൻജിനിയറുടെ പി.എ ആയി നിയമിച്ചു.

# ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ചെലവുകുറഞ്ഞ കക്കൂസ് പരിപാടികൾ 1986-1992

1984-ൽ ലോകബാങ്കിന്റെ നിയുക്ത സംഘം കേരള ജലവിതരണ-പരിസര ശുചീകരണ പദ്ധതിയുടെ ഭാഗമായി ചെലവുകുറഞ്ഞ കക്കൂസുകളുടെ ഒരു പരിപാടിക്ക് രൂപംകൊടുത്തു. അങ്ങിനെ 10 പട്ടണപ്രദേശങ്ങളിലും, 32 പഞ്ചായത്തുകളിലും എളുപ്പം ചെയ്യാവുന്ന രീതിയിലുള്ള ഒരു പദ്ധതിയെക്കുറിച്ച് ടെക്നോളജി അഡ്വൈസറി ഗ്രൂപ്പിന്റെ സഹായത്തോടെ പഠിക്കുകയുണ്ടായി. 1986-ൽ മുനിസിപ്പൽ ഡയറക്ടറുടെയും പഞ്ചായത്തു ഡയറക്ടറുടെയും നിയന്ത്രണത്തിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. പട്ടണപ്രദേശങ്ങളിൽ കക്കൂസ് ഒന്നിന് 2500 രൂപയും പഞ്ചായത്തുകളിൽ 2000 രൂപയുമാണ് കണക്കിൽ വച്ചിരുന്നത്.

### പട്ടണപ്രദേശങ്ങൾ കൈവരിച്ച പുരോഗതി

| മുനിസിപ്പാലിറ്റിയുടെ പേര് | പൂർത്തിയാക്കിയ യൂണിറ്റുകളുടെ എണ്ണം |
|---|---|
| ആറ്റിങ്ങൽ | 1089 |
| പുനലൂർ | 2399 |
| മാവേലിക്കര | 993 |
| പാലാ | 607 |
| മൂവാറ്റുപുഴ | 627 |
| തൃശ്ശൂർ | 500 |
| ഷൊർണൂർ | 1002 |
| പൊന്നാനി | 873 |
| വടകര | 915 |
| കാസർകോട് | 472 |
| ആകെ | 9477 |

### ഗ്രാമപ്രദേശങ്ങളിലുണ്ടായ പുരോഗതി

ഒന്നാംഘട്ടം (പൂർണ്ണമായി)

| പഞ്ചായത്തിന്റെ പേര് | പൂർണ്ണമാക്കിയ യൂണിറ്റുകളുടെ എണ്ണം |
|---|---|
| വിളവൂർക്കൽ | 500 |
| കിളികൊല്ലൂർ | 500 |
| അടൂർ | 500 |
| കുമാരനല്ലൂർ | 500 |
| ചെല്ലാനം | 500 |
| ആകെ | 2500 |

രണ്ടാംഘട്ടം

| പഞ്ചായത്തിന്റെ പേര് | പൂർത്തിയാക്കിയ യൂണിറ്റുകളുടെ എണ്ണം |
|---|---|
| വിളപ്പിൽ | 500 |
| ശക്തികുളങ്ങര | 500 |
| തൃക്കടവൂർ | 500 |
| ഈഴംകുളം | 492 |
| വിജയപുരം | 483 |
| നാട്ടകം | 500 |
| പനച്ചിക്കാട് | 492 |
| കുമ്പളങ്ങി | 500 |
| മാരാട് | 500 |
| തൃക്കാക്കര | 493 |
| വടവുകോട് / പുത്തൻകുരിസ് | 490 |
| കീഴ്മാട് | 493 |
| ആകെ | 5943 |

മൂന്നാംഘട്ടം

| പഞ്ചായത്തിന്റെ പേര് | നിർമ്മിക്കാനുദ്ദേശിക്കുന്ന യൂണിറ്റുകളുടെ എണ്ണം | 92 ഡിസംബർമാസം വരെ പൂർത്തിയാക്കിയ യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| ഇരവിപുരം | 500 | 102 |
| ചിതറ | 500 | 72 |
| കടയ്ക്കൽ | 500 | 2 |
| ചടയമംഗലം | 500 | -- |
| വടക്കേവിള | 500 | -- |
| മയ്യനാട് | 500 | -- |
| ഏറാത്ത് | 500 | -- |
| പുറക്കാട് | 500 | 203 |
| പുന്നപ്ര | 500 | 90 |
| മാരാരിക്കുളം സൗത്ത് | 500 | 132 |
| കുത്തിയതോട് | 500 | 165 |
| കുന്നത്തുനാട് | 500 | 100 |
| ഐക്കരനാട് | 500 | 100 |
| വാഴക്കുളം | 500 | -- |
| കിഴക്കമ്പലം | 500 | -- |
| ആകെ | 7500 | 966 |

പൂർണ്ണമാക്കിയ മേൽപ്പറഞ്ഞ യൂണീറ്റുകൾക്കുവേണ്ടി 1,95,19,750 രൂപ ചെലവാക്കിയിട്ടുണ്ട്.

1992 മെയ് മാസത്തിൽ 5000 കക്കൂസുകൾ താഴെ പറയുന്ന 5 മുനിസിപ്പാലിറ്റികളിൽ കൂടി നിർമ്മിക്കാൻ ലോകബാങ്ക് അനുമതി നൽകി.

മണ്ണാർക്കാട്, ഈരാറ്റുപേട്ട, പെരിന്തൽമണ്ണ, കൽപ്പറ്റ, തളിപ്പറമ്പ്.

ബാക്കി യൂണീറ്റുകളുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു. ഇതുവരെയായി 2,10,65,000 രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയിട്ടുണ്ട്.

### ഞങ്ങളുമായി ബന്ധപ്പെടുവാൻ

**സോഷ്യോ ഇക്കണോമിക് യൂണിറ്റ്സ്, കേരളം**

ഏകോപന കാര്യാലയം,
പി.ബി. 6519, വികാസ് ഭവൻ പി. ഒ.
തിരുവനന്തപുരം - 695 033
ഫോൺ (0471) 437907

**സോഷ്യോ ഇക്കണോമിക് യൂണിറ്റ്, (സൗത്ത്)**

കേരള വാട്ടർ അതോറിറ്റി
കൊല്ലം - 691 001
ഫോൺ (0474) 78391

**സോഷ്യോ ഇക്കണോമിക് യൂണിറ്റ്, (സെൻട്രൽ)**

കേരള വാട്ടർ അതോറിറ്റി
ശക്തൻതമ്പുരാൻ മാർക്കറ്റിന് എതിർവശം, തൃശ്ശൂർ - 680 001
ഫോൺ (0487) 40490

**സോഷ്യോ ഇക്കണോമിക് യൂണിറ്റ്, (നോർത്ത്)**

കേരള വാട്ടർ അതോറിറ്റി
മലാപറമ്പ്, കോഴിക്കോട് - 673 009
ഫോൺ (0495) 50410

| | | | |
|---|---|---|---|
| ആലപ്പുഴ | (a) ഇന്ദിരാജി മെമ്മോറിയൽ റൂറൽ ഡെവലപ്മെന്റ് ട്രസ്റ്റ് അമ്പലപ്പുഴ | 300 | 4,39,350 |
| കോട്ടയം | (a) കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി ആർച്ച്ബിഷപ്പ് ഹൗസ് എസ്.എച്ച്. മൗണ്ട് | 1408 | 16,26,700 |
| | (b) ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ഡിസ്ട്രിക്ട് ബ്രാഞ്ച് | 1307 | 18,85,230 |
| | (c) ജവഹർലാൽ മെമ്മോറിയൽ സോഷ്യൽ വെൽഫെയർ പബ്ളിക് കോ-ഓപ്പറേറ്റീവ് സെന്റർ, തലയോലപ്പറമ്പ് | 300 | 4,34,000 |
| | (d) ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്, വരൂർ | 500 | 5,75,000 |
| | (e) എസ്സൻ വനിതാ സൊസൈറ്റി എസ്സൻ ഭവൻ, കുറിച്ചി | 150 | 1,96,100 |
| | (f) ഗ്രാമീണ ഉദ്യോഗ് യോജന വികാസ് വർക്സ് എരുമേലി | 200 | 3,03,740 |
| | (g) സൊസൈറ്റി ഫോർ ഇന്റഗ്രൽ ഡെവലപ്മെന്റ് ആക്ഷൻ (സിഡാ) കൂവപ്പള്ളി | 450 | 4,16,295 |
| | (h) അസോസിയേഷൻ ഓഫ് വിമൻ ഫോർ സോഷ്യൽ റൈറ്റ്സ് ആന്റ് ഇക്വാളിറ്റി പെരുംതാനം | 200 | 2,50,490 |
| | (i) മലനാട് ഡെവലപ്മെന്റ് സൊസൈറ്റി കാഞ്ഞിരപ്പള്ളി | 200 | 2,45,000 |
| | ആകെ | 4715 | 59,32,555 |
| ഇടുക്കി | (a) വണ്ടൻമേട് ഡെവലപ്മെന്റ് സൊസൈറ്റി വണ്ടൻമേട് | 200 | 2,99,600 |
| | (b) അനക്കര വികസനസംഘം അനക്കര | 198 | 2,61,510 |
| | ആകെ | 398 | 5,61,110 |
| എറണാകുളം | ഡിബിൻ ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിമൻ, എലന്തിക്കര | 300 | 2,71,500 |
| പാലക്കാട് | (a) നിവേദിത മഹിളാസമാജം, കച്ചേരി പറമ്പ്, തിരുവിഴംകുന്ന് | 300 | 3,86,150 |
| | (b) പാലക്കാട് റൂറൽ കോ-ഓപ്പറേഷൻ സർവീസ് സൊസൈറ്റി, കുറുപ്പച്ചേരി ഹൗസ്, തച്ചംപാറ പി.ഒ. | 140 | 1,89,650 |
| | ആകെ | 440 | 5,75,800 |
| കണ്ണൂർ | റൂറൽ ഡവലെപ്മെന്റ് സെന്റർ, മാവിലായി | 163 | 2,09,067 |
| | വയനാട് സോഷ്യൽ വർക്ക് ആന്റ് റിസേർച്ച് സെന്റർ അരിവാരം, കാംബലക്കാട് പി.ഒ., കൽപ്പറ്റ | 240 | 3,25,126 |
| | ആകെ മൊത്തം | 10083 | 1,27,34,309 |

# കപ്പാർട്ടിന്റെ ധനസഹായത്തോടെ കേരളത്തിൽ നടക്കുന്ന ഗ്രാമീണ പരിസര ശുചീകരണ പരിപാടികൾ 1987-1992

| ഡിസ്ട്രിക്ട് | സഹായം ലഭിക്കുന്ന സംഘടനകളുടെ പേര് | നിർമ്മിക്കേണ്ട കക്കൂസുകളുടെ എണ്ണം | അനുവദിച്ച തുക Rs. |
|---|---|---|---|
| തിരുവനന്തപുരം | (a) എൻ. ഇ. എസ് വനിതാക്ഷേമ കേന്ദ്രം പെരുംകടവിള | 150 | 1,95,200 |
| | (b) വയലാർ മെമ്മോറിയൽ യൂത്ത് ക്ലബ് അനാട് പി.ഒ., നെടുമങ്ങാട് | 100 | 1,30,100 |
| | (c) യുവരശ്മി മഹിളാസമാജം വലിയ കട്ടക്കൽ, വെഞ്ഞാറമൂട് | 100 | 1,30,300 |
| | (d) റഹി മഹിളാസമാജം പുനക്കാട്, പെരുമ്പഴുതൂർ, പെരുംകടവിള | 150 | 1,95,850 |
| | (e) സനാതന മഹിളാസമാജം മുട്ടക്കാട്, പെരുംപഴുതൂർ, പെരുംകടവിള | 100 | 1,29,900 |
| | (f) വെൻകോട് മഹിളാസമാജം വെൻകോട്, ചെറിയകൊല്ല, കാരക്കോണം | 206 | 2,68,564 |
| | (g) മിത്രാനികേതൻ വെള്ളനാട് | 400 | 4,86,820 |
| | (h) ഹരിജൻ സേവക് സംഘം ഡൽഹി | 450 | 4,83,630 |
| | (i) ഡെയിൽവ്യൂ പുനലാൽ, പൂവച്ചൽ | 25 | 2,94,250 |
| | (j) ശ്രീ രാമകൃഷ്ണ ആശ്രമം ശാസ്തമംഗലം | 400 | 4,97,900 |
| | (k) വിനോബാനികേതൻ നെടുമങ്ങാട് | 400 | 5,21,600 |
| | (j) സി.എൻ. മെമ്മോറിയൽ വനിതാസമാജം പത്താംകല്ല്, അരാലുമൂട് | 100 | 1,30,400 |
| | ആകെ | 2706 | 34,64,514 |
| കൊല്ലം | (a) കേരള ഐക്യമഹിളാസമാജം മുതുപിലക്കാട്, പൊരുവഴി പി.ഒ., ശാസ്താംകോട്ട | 200 | 2,58,940 |
| | (b) ഇടമൺ സോഷ്യൽസർവീസ് സൊസൈറ്റി സെന്റ് ജോസഫ്സ് ചർച്ച്, ഇടമൺ പി.ഒ. | 200 | 2,58,800 |
| | (c) ഗാന്ധിജി ട്യൂഷൻ ഹോം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് വരിഞ്ഞം, അടുതല | 155 | 2,35,740 |
| | ആകെ | 555 | 7,53,480 |
| പത്തനംതിട്ട | (a) സെക്രട്ടറി, നരംഗാനം, റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി, നരംഗാനം വെസ്റ്റ് പി.ഒ. | 300 | 2,63,000 |
| | (b) കൊടുമൺ ഗ്രാമവികസന സമിതി അയക്കാട്, കൊടുമൺ പി.ഒ. | 200 | 2,32,800 |
| | (c) പാഴക്കുളം സോഷ്യൽ സർവീസ് സൊസൈറ്റി പാഴക്കുളം പി.ഒ., അടൂർ | 100 | 1,28,400 |
| | (d) നസ്രത്ത് ആശ്രമോതര തിരുവല്ല | 364 | 4,42,317 |
| | (e) ഗാന്ധിഗ്രാമം കുളനട, പന്തളം | 300 | 4,07,250 |
| | ആകെ | 1264 | 14,73,767 |

4. പഠനത്തിനും ബോധവൽക്കരണത്തിനും പ്രത്യേകപ്രാധാന്യം നൽകണം. കക്കൂസുകൾ നിർമിക്കുവാനും, പുറമെ നിന്നുള്ള സഹായമില്ലെങ്കിലും മെച്ചപ്പെട്ട ശുചീകരണപ്രവർത്തനങ്ങൾ നടത്തുവാനും ജനങ്ങളെ പ്രേരിപ്പിക്കുകയാണു വേണ്ടത്.

5. ദരിദ്രർക്കു വേണ്ടത്ര സഹായം നൽകുകയും ബോധവൽക്കരണം വ്യാപിപ്പിക്കുകയും ചെയ്താൽ മറ്റു വിഭാഗക്കാരും കക്കൂസ് നിർമാണത്തിന് നിർബന്ധിതരായിത്തീരും.

6. നിർദ്ദിഷ്ടപദ്ധതിയുടെ വിജയത്തിന് സന്നദ്ധസംഘടനകളുടെ പ്രവർത്തനവും വിദേശ ഏജൻസികളുടെ ധനസഹായവും പരമാവധി ലഭ്യമാക്കണം.

7. ശുചീകരണപദ്ധതി കൂടുതൽ വ്യാപിക്കുന്നതിനുവേണ്ടി വിവിധ സ്ഥാപനങ്ങളുടെ ധനസഹായം ഇളവുകളോടെ ലഭ്യമാക്കണം.

8. മനുഷ്യവാസത്തിനും ഉപയോഗത്തിനുമുള്ള പുതിയകെട്ടിടങ്ങളിലെല്ലാം ശുചീകരണ കക്കൂസുകൾ നിർബന്ധിതമാക്കുവാൻ നിയമം നടപ്പിലാക്കണം.

പുതിയ മന്ദിരത്തിന്റെ ഭാഗമായോ സാമീപ്യത്തിലോ ഇവ നിർമിക്കാവുന്നതാണ്.

9. ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ കുടെക്കൂടെയുള്ള സ്ഥലംമാറ്റവും ഓഫീസുകളിലെ ചുവപ്പുനാടയും ശുചീകരണപദ്ധതികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സംസ്ഥാന സാനിറ്റേഷൻ സെല്ല് കൂടുതൽ ഊർജസ്വലമാക്കുകയും അതിനു കൂടുതൽ അധികാരം നൽകുകയും ചെയ്യണം. ഈ തിന്റെ കോഡിനേറ്ററെ കൃത്യമായ കാലയളവിലേക്ക് നിയമിക്കുകയും ഈ സ്ഥാനത്തേക്ക് എക്സ്–ഒഫീഷ്യോമെമ്പറെ ഒഴിവാക്കുകയും ചെയ്യണം.

സന്നദ്ധസംഘടനകളുടെ സജീവപ്രവർത്തനം, വായ്പാസൗകര്യങ്ങൾ, ശുചിത്വബോധവൽക്കരണം, ചെലവുകുറഞ്ഞ മാതൃകകൾ, സഹായധനം, സംയോജിതപ്രയത്നം എന്നിവയിലൂടെ അടുത്ത രണ്ടുദശകങ്ങൾക്കുള്ളിൽ നൂറുശതമാനം ലക്ഷ്യം നേടുവാനും, നൂറു വർഷങ്ങളിലെ കാത്തിരിപ്പ് ഒഴിവാക്കുവാനും സാധിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

## എട്ടാം പഞ്ചവത്സരപദ്ധതിയിൽ ശു ചീകരണത്തിന് 10,960 കോടി രൂപ

ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും ശുചീകരണപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുവാൻ എട്ടാം പഞ്ചവത്സരപദ്ധതിയിൽ 10960 കോടിരൂപ ഉൾപ്പെടുത്തുവാനാണ് ഇന്ത്യാഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. തോട്ടിപ്പണി പരിപൂർണമായി അവസാനിപ്പിക്കുവാനും പരിസ്ഥിതി മലിനീകരണം തടയുവാനും വേണ്ടി ഗവണ്മെന്റ് വമ്പിച്ചൊരു തുകയാണ് മുതൽമുടക്കായി മാറ്റിവയ്ക്കുന്നത്.

എട്ടാം പഞ്ചവത്സരപദ്ധതിയിൽ ഗ്രാമങ്ങളിലെ ശുചീകരണത്തിന് 5026 കോടി രൂപയും നഗരങ്ങൾക്ക് 5584 കോടിരൂപയുമാണ് ചെലവാക്കാനുദ്ദേശിക്കുന്നത്. നഗരങ്ങളിലെ കേന്ദ്രഗവണ്മെന്റ് പദ്ധതികൾക്ക് 350 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്.

അയിത്തത്തിനെതിരെ കുരിശുയുദ്ധം നടത്തിയ മഹാത്മാഗാന്ധി തോട്ടികളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി രംഗത്തിറങ്ങുകയുണ്ടായി. പ്രധാനമന്ത്രി പി. വി. നരസിംഹറാവുവും ഇതേ പാത പിന്തുടർന്ന് രംഗത്തിറങ്ങിയിരിക്കുകയാണ്.

തോട്ടിപ്പണി പരിപൂർണ്ണമായും അവസാനിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് വേണ്ടത്ര വിജയം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് എട്ടാം പഞ്ചവത്സരപദ്ധതിയുടെ കരടുരേഖയിൽ പറയുന്നു. ബോംബെയിലെ ധരവി ചേരി പ്രദേശത്ത് 200 കോടി രൂപയുടെ ഒരു പദ്ധതിയ്ക്ക് (പ്രോജക്ട് ഗുഡ്മോണിങ്) ശാസ്ത്രസാങ്കേതിക വകുപ്പ് രൂപം നൽകുന്നതായി വാർത്തയുണ്ട്.

ഇന്ത്യയിൽ നഗരപ്രദേശത്ത് മൊത്തം 4700 ചെറുതും വലുതുമായ പട്ടണങ്ങളുണ്ടെന്ന് കണക്കാക്കപ്പെട്ടിരികുന്നു. നഗരവാസികളിൽ 27 ശതമാനം ദാരിദ്ര്യരേഖയക്കു താഴെയുള്ളവരാണ്. 15 കോടി ജനങ്ങൾക്ക് യാതൊരു ശുചീകരണ സംവിധാനവും ലഭ്യമല്ല.

മലിനജലമൊഴുക്കിക്കളയാനുള്ള സംവിധാനം ഇന്ത്യയിൽ നടപ്പിലാക്കിയിട്ട് 120 വർഷമായെങ്കിലും 232 പട്ടണങ്ങളിൽ മാത്രമാണ് ഇന്ന് ഈ സംവിധാനമുള്ളതെന്ന് ലോകബാങ്ക് ഉപദേശകനായ ശ്രീ. എ. എൻ. റേ. പറയുന്നു. എല്ലാ പട്ടണങ്ങളിലും ഈ സംവിധാനം ഏർപ്പെടുത്താനുള്ള ഫണ്ട് ഒരിക്കലുമുണ്ടാവില്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്.

150 വർഷങ്ങൾക്കുമുൻപാണ് ഇന്ത്യയിൽ സെപ്റ്റിക്ടാങ്കുകൾ നിലവിൽ വന്നത്. പക്ഷെ നഗരപ്രദേശങ്ങളിൽപോലും ഇരുപതു ശതമാനത്തിലധികം വീടുകളിൽ സെപ്റ്റിക് ടാങ്കു കക്കൂസുകളില്ല.

ലക്നൗവിലെ ആസൂത്രണ–ഗവേഷണപ്രവർത്തന ഇൻസ്റ്റിറ്റ്യൂട്ട് 1985–ൽ ജലം ലാഭിക്കുന്ന ഒരു സംവിധാനത്തിന് രൂപം നൽകുകയും സുലഭ് ഇന്റർനാഷണൽ എന്ന സന്നദ്ധസംഘടന ഇതു വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. 17 സംസ്ഥാനങ്ങളിലെ 625 നഗരങ്ങളിലായി അരലക്ഷം കക്കൂസുകളിലെ തോട്ടിപ്പണി ഒഴിവാക്കാനും അവ യെ ശുചികരണകക്കൂസുകളാക്കി മാറ്റാനും സാധിച്ചിട്ടുണ്ടെന്ന് സുലഭ് ഇന്റർനാ ഷണലിന്റെ സ്ഥാപകനേതാവായ ഡോ. ബിന്ദേശ്വർ പഥക് അഭിപ്രായപ്പെടുന്നു. 1968–നു ശേഷം മുപ്പതിനായിരത്തോളം തോട്ടികളെ സ്വതന്ത്രരാക്കുവാനും മറ്റു ജോലികളിൽ വ്യാപൃതരാക്കുവാനും സാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു.

ദൽഹി പട്ടണത്തിൽ തോട്ടിപ്പണി വേണ്ടിവരുന്ന അഞ്ചുലക്ഷത്തോളം കക്കൂസുകളുണ്ടെന്നും ഇവ ശുചീകരണ കക്കൂസുകളാക്കി മാറ്റുവാൻ കേന്ദ്രഗവണ്മെന്റ് സഹായധനം അനുവദിക്കണമെന്നും സമീപകാലത്തു നടന്ന ഒരു വർക്ഷോപ്പിൽ നിർദ്ദേശമുണ്ടായി. മലിനജലനിർമാർജനത്തിനും ശുദ്ധീകരണത്തിനുമായി എട്ടാം പഞ്ചവത്സര പദ്ധതിയിൽ അനുവദിച്ചിരുന്ന തുകയിൽനിന്ന് 50 കോടി രൂപ ശുചീകരണകക്കൂസുകളുടെ നിർമാണത്തിന് മാറ്റിവെക്കണമെന്നും വർക്ക്ഷോപ്പ് നിർദ്ദേശമുന്നയിച്ചു. ബാക്കി തുക ഹഡ്കോയിൽനിന്ന് ലഭ്യമാക്കാവുന്നതാണ്. ഈ ലക്ഷ്യം നിറവേറ്റിയാൽ ദൽഹിപട്ടണത്തിലെ തോട്ടികളെ പൂർണമായും സ്വതന്ത്രരാക്കാം.

സ്വകാര്യ ഏജൻസികൾ അവയുടെ ലക്ഷ്യം നിറവേറ്റുവാൻ സഹായധനത്തെ മാത്രം ആശ്രയിക്കരുതെന്ന് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് ദൽഹി ലഫ്. ഗവർണർ ശ്രീ. P.K. ദവെ അഭിപ്രായം പ്രകടിപ്പിച്ചു.

(എക്കണോമിക്ക് ടൈംസ് (ജൂൺ 30, 1992) നോട് കടപ്പാട്)

കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് ഇവ 14528 കക്കൂസുകൾ നിർമിച്ചു. ഈ രംഗത്തു പ്രവർത്തിക്കുന്ന ചില പ്രമുഖ സംഘടനകളുടെ പേര് ചുവടെ ചേർക്കുന്നു.

1. ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി, കോട്ടയം ബ്രാഞ്ച്.
2. ചങ്ങനാശ്ശേരി സോഷ്യൽസർവീസ് സൊസൈറ്റി, കോട്ടയം
3. രാസ്താ, വയനാട്
4. സൊസൈറ്റി ഫോർ ഇന്റഗ്രൽ ഡിവലപ്മെന്റ് ആക്ഷൻ, കോട്ടയം.
5. വിനോബാനികേതൻ, നെടുമങ്ങാട്
6. ഹരിജൻ സേവക്സംഘ്, ദൽഹി
7. മിത്രനികേതൻ, വെള്ളനാട്
8. ശ്രീരാമകൃഷ്ണാശ്രമം, ശാസ്തമംഗലം, തിരുവനന്തപുരം

മറ്റു സംഘടനകൾക്കു പുറമെ, ഡെൻമാർക്കിന്റെയും നെതർലാന്റ്സിന്റെയും സഹായത്തോടെ സോഷ്യോ ഇക്കണോമിക് യൂണിറ്റുകൾ എണ്ണായിരത്തിലേറെ ശുചീകരണകക്കൂസുകൾ നിർമിക്കുകയുണ്ടായി. നിർമാണത്തിനു പുറമെ കക്കൂസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നതിന് യൂണിറ്റുകൾ പ്രാമുഖ്യം കൽപിക്കുന്നു.

## സാങ്കേതിക വശങ്ങൾ

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും യു. എൻ. ഡി. പിയുടെ രൂപരേഖയിലുള്ള ഫ്ളഷ് കക്കൂസുകൾ ഉപയോഗത്തിലുണ്ട്. വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ ഉയർന്ന തലത്തിലാണിവ നിർമിക്കുന്നത്. ഈ രണ്ടു മാതൃകകൾ ലളിതവും സ്വീകാര്യവുമാണെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. നിർമാണസാമഗ്രികളുടെ ലഭ്യതയും ഭൂമിയുടെ സ്വഭാവവും സംബന്ധിച്ച് കൂടുതൽ പഠനം നടത്തേണ്ടിയിരിക്കുന്നു.

ഉദാഹരണത്തിന് സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ കാഴ്ചപ്പാടിൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഉയർന്ന തലത്തിലുള്ള നിർമ്മാണം ആശാസ്യമല്ല. ലളിതവും ചെലവുകുറഞ്ഞതുമായ സംവിധാനമാണ് വേണ്ടത്.

ആലപ്പുഴയിലെ യു.ബി.എസ്. സ്കീമിൽ നിർമിക്കുന്ന കക്കൂസുകൾ തറനിരപ്പിനു മുകളിലേക്ക് കെട്ടിപ്പൊക്കുന്നില്ല. ചുവരുകളും മറ്റും നിർമിക്കേണ്ട ചുമതല ഉപഭോക്താവിനു ഏറ്റെടുക്കേണ്ടിവരുന്നു.

പത്തുവർഷത്തേക്ക് ഒരു കുഴിയുള്ള കക്കൂസു നിർമിച്ചശേഷം പിൽക്കാലത്ത് മറ്റൊരു കുഴികൂടി കൂട്ടിച്ചേർക്കാനുള്ള പദ്ധതിയും പരിഗണിക്കപ്പെടേണ്ടതാണ്.

തറനിരപ്പിൽ നിർമിക്കുന്ന കക്കൂസുകളുടെ ചെലവ് 1200 രൂപമുതൽ 2400 രൂപവരെയാണ്.

## അപഗ്രഥനം

ശുചീകരണ പ്രശ്നത്തിന്റെ വ്യാപ്തിയും വിഭവദൗർലഭ്യവും കണക്കിലെടുക്കുമ്പോൾ സമീപഭാവിയിൽ തൃപ്തികരമായ ശുചീകരണം നേടാനാവില്ലെന്നു വളരെ വ്യക്തമാണ്. ഇതിനാൽ ഇന്നത്തെ സമീപനത്തെ അടിസ്ഥാനപരമായി വിലയിരുത്തുകയാണ് വേണ്ടത്.

ശുചീകരണപ്രശ്നത്തിന്റെ മൂന്നുവശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഠനവും ബോധവൽക്കരണവും
2. ശരിയായ കക്കൂസ് നിർമാണം
3. കക്കൂസുകളുടെ അറ്റകുറ്റപ്പണികളും ആരോഗ്യ സംരക്ഷണവും

ഇത്രയും കാലം കക്കൂസുകളുടെ നിർമ്മാണത്തിനു മാത്രമാണ് പ്രാധാന്യം നൽകിയിരുന്നത്. മറ്റു രണ്ടുവശങ്ങൾക്കും വേണ്ടത്ര പരിഗണന നൽകിയിരുന്നില്ല. വിഭവദൗർലഭ്യംമൂലം കക്കൂസുകളുടെ നിർമാണം വളരെയേറെ വർദ്ധിപ്പിക്കാനാവില്ല. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച പഠനവും ബോധവൽക്കരണവും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

സഹായധനത്തോടെ നടപ്പിലാക്കുന്ന നിർമ്മാണപദ്ധതികൾ ദരിദ്രർക്കു പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. വർഷം പ്രതി 7500-നു താഴെ വരുമാനമുള്ളവർക്ക് നിർമാണച്ചെലവിന്റെ 75 ശതമാനം സഹായധനമായി ലഭിക്കണം. പിന്നോക്കജാതി–പിന്നോക്കവർഗ്ഗക്കാർക്ക് 90 ശതമാനവും 7500–ലധികം വരുമാനമുള്ളവരും ദരിദ്രരുമായവർക്ക് 50 ശതമാനം ഗ്രാന്റ് നൽകാവുന്നതാണ്. ഇവരിലെ പിന്നോക്കക്കാർക്ക് 90 ശതമാനവും.

കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവരിൽ പകുതിയോളം പേർക്ക് ശുചീകരണകക്കൂസുകൾ ലഭ്യമല്ല. ഇവർ ജനസംഖ്യയുടെ മൂന്നിലൊന്നുവരുമെങ്കിലും ഇവരെ സഹായിക്കാൻ ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. ശുചീകരണപദ്ധതിയുടെ വിജയം കൈവരിക്കുവാൻ ഈ വിഭാഗത്തെ അവഗണിച്ചുകൊണ്ടാവില്ല. ഈ വിഭാഗക്കാർക്ക് ശുചീകരണക്കക്കൂസുകൾ നിർമിക്കുന്നതിന് 20 ശതമാനം ധനസഹായം നൽകണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന ശുചീകരണസെല്ലിന് ഈ സഹായപദ്ധതി നടപ്പിലാക്കാവുന്നതാണ്.

സ്വകാര്യ സംഘടനകളിൽനിന്നും വിശിഷ്യാ വിദേശീയ ഏജൻസികളിൽനിന്നും ധനസഹായം നേടാൻ ഗവൺമെന്റുവകുപ്പുകൾ ശ്രമിക്കേണ്ടതാണ്. ദേശാന്തരീയസേവനസംഘടനകളുടെ ധനസഹായം ലഭ്യമാക്കാൻ വേണ്ടത്ര ശ്രമം നടക്കുന്നില്ലെന്ന് കരുതപ്പെടുന്നു.

സഹായധനത്തിനു പുറമെ ക്രെഡിറ്റ് പദ്ധതികളിലൂടെയും ശുചീകരണപരിപാടികൾ നടത്താവുന്നതാണ്. നാഷണൽ ബാങ്കുകളിൽനിന്നും സർവീസ് കോപ്പറേറ്റീവ് സൊസൈറ്റികളിൽനിന്നും കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും വായ്പ തിരിച്ചടക്കുവാനുള്ള സാദ്ധ്യതകളാരായുകയും ചെയ്യണം.

ശരിയായ ശുചീകരണസംവിധാനത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരാകുകയും ഭൂരിഭാഗം ദരിദ്രർക്ക് വേണ്ടത്ര ധനസഹായം ലഭിക്കുകയും ചെയ്താൽ കക്കൂസുകളില്ലാത്തവർ അതു നിർമിക്കുവാൻ നിർബന്ധിതരാകുമെന്നതിൽ സന്ദേഹമില്ല. വായ്പാപദ്ധതികളും ഇതിനു സഹായകരമായിരിക്കും.

## നിഗമനങ്ങൾ:

1. ശുചീകരണമേഖലയിൽ അനേകം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള ശ്രമമുണ്ടാകണം. പരസ്പരാനുഭവങ്ങൾ അവർക്കു പാഠമാകണം.
2. ഭൂപ്രകൃതിക്കനുസരിച്ച് കക്കൂസിന് രൂപകൽപന നൽകുവാനുതകുന്ന സാങ്കേതിക പഠനം അനിവാര്യമാണ്. എല്ലായിടത്തും ഒരേ മാതൃകയിലുള്ള കക്കൂസുകൾ ആശാസ്യമല്ല.
3. ഗവൺമെന്റിന്റെ പരിശ്രമത്തെ സംബന്ധിച്ചിടത്തോളം കക്കൂസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ അവയുടെ മേന്മയും വർദ്ധിപ്പിക്കുവാൻ ആത്മാർത്ഥമായ ശ്രമമുണ്ടാകണം.

സംസ്ഥാനത്തെയും ഗ്രാമീണവികസന വകുപ്പോ ചുമതലപ്പെട്ട മറ്റേജൻസികളോ തയ്യാറാവേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ അനുഭവങ്ങളെ വിലയിരുത്തുകയും സംസ്ഥാന സാനിട്ടേഷൻ സെൽ, മാതൃകാ ഏജൻസികൾ സഹായം നൽകുന്ന സംഘടനകൾ എന്നിവയുടെ അനുഭവങ്ങൾ പരസ്പരം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ ചെലവുകുറഞ്ഞ ശുചീകരണപദ്ധതികളുടെ ആസൂത്രണവും പ്രവർത്തനവും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹൃതമാകൂ. പ്രാദേശിക പ്രശ്നങ്ങളും യാഥാർത്ഥ്യങ്ങളും കണക്കിലെടുക്കാതെ അനഭിലഷണീയമായ ആഗോള കാഴ്ചപ്പാടിലുള്ള നിർദ്ദേശങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ചില വിദേശസംഘടനകളുടെ നീക്കവും ആശാവഹമല്ല. ഒരേ നിർദ്ദേശങ്ങൾ തന്നെ ആവർത്തിക്കാനുള്ള സംഘടനകളുടെയും ഗവൺമെന്റ് വകുപ്പുകളുടെയും മറ്റു വിദേശസംഘടനകളുടെയും പ്രവണത അവസാനിപ്പിക്കുക തന്നെവേണം. സമൂഹത്തിൽ സ്ത്രീകൾ ജീവിതം മെച്ചപ്പെടുത്തുവാനും, കുട്ടികളുടെ ജീവിതം സംരക്ഷിക്കുവാനുതകുന്ന ചെലവുകുറഞ്ഞ ശുചീകരണപദ്ധതികൾ ആവിഷ്കരിക്കുവാൻ ഇത്തരമൊരു കാഴ്ചപ്പാട് അനിവാര്യമാണ്.

# കേരളത്തിലെ ഗ്രാമീണശുചീകരണ പദ്ധതി

*ഈ ലേഖനം, ന്യൂഡൽഹിയിൽ 1992 സെപ്തംബർ 16–18–ൽ ഗ്രാമവികസന വകുപ്പ് സംഘടിപ്പിച്ച ദേശീയ പരിസരശുചീകരണ സെമിനാറിനുവേണ്ടി സംസ്ഥാന സാനിട്ടേഷൻ സെൽ, കേരള ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയതാണ്. സംസ്ഥാനത്തിന്റെ വിവിധ തരത്തിലുള്ള പരിസരശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു അവലോകനമാണിത്.*

എഴുപത്തിയഞ്ചു ശതമാനം അസുഖങ്ങളും രോഗങ്ങളും പകരുന്നത് ജലസ്രോതസ്സുകളിൽനിന്നാണ്. ശുചീകരണത്തിന്റെ അഭാവമാണ് ഇതിനു കാരണം. രോഗപ്രതിരോധത്തിന് ശുദ്ധമായ കുടിവെള്ളവും, വൃത്തിയുള്ള ചുറ്റുപാടും, ശുചീകരണകക്കൂസുകളും അനിവാര്യമാണ്.

കേരളത്തിൽ കക്കൂസുകൾ ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല. 25 ശതമാനത്തിനും 51 ശതമാനത്തിനുമിടയിലാണെന്ന് സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെയും ഗ്രാമീണവികസനവകുപ്പിന്റെയും സർവേക്ഷണയുടെയും അനൗപചാരിക സർവേകൾ വ്യക്തമാക്കുന്നു. 51 ശതമാനമാണെന്ന സർവേക്ഷണയുടെ വിലയിരുത്തൽ ശരിയാണെന്നു തോന്നുന്നില്ല. രണ്ടായിരം വീടുകൾ മാത്രമാണ് പഠനത്തിനു വിധേയമാക്കിയത്. ചാണ്ഡിഗാറിൽ 7.5 ശതമാനവും ദൽഹിയിൽ 5 ശതമാനവും വീടുകളിൽ മാത്രമാണ് കക്കൂസുകൾ ഉള്ളതെന്ന സർവേക്ഷണയുടെ കണ്ടുപിടുത്തം ആശ്ചര്യകരമാണ്.

കേരളത്തിൽ 40.2 ലക്ഷം കുടുംബങ്ങൾ ഉള്ളതായി സർവേക്ഷണ കണക്കാക്കുന്നു. 1991–ൽ കാനേഷുമാരി സംബന്ധിച്ച കണക്കുകളനുസരിച്ച് ഇത് 50.9 ലക്ഷമാണ്. വിശ്വസനീയമായ വിവരങ്ങളുടെ അഭാവത്തിൽ ഗ്രാമീണ വികസന വകുപ്പിന്റെ സംസ്ഥാന ശുചീകരണസെൽ സംസ്ഥാനവ്യാപകമായി ഒരു ശുചീകരണപഠനം നടത്താൻ തീരുമാനിച്ചു. യൂണിസെഫ്, സോഷ്യോ ഇക്കണോമിക് യൂണിറ്റ്, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ആഭിമുഖ്യത്തിലാണ് അവസ്ഥാപഗ്രഥനം നടത്തുന്നത്. തമിഴ്നാട്ടിലെ ഇന്ത്യൻ മാർക്കറ്റ് റിസർച്ച് ബ്യൂറോയെ പഠനം നടത്താനുള്ള ചുമതല ഏൽപ്പിച്ചിരിക്കുകയാണ്.

കേരളത്തിൽ ശുചീകരണ കക്കൂസുകളുടെ ശരാശരി അനുപാതം അൽപം കൂടുതലാകാമെങ്കിലും ഇപ്പോഴും വേണ്ടത്രയില്ല. വർദ്ധിച്ച ജനസാന്ദ്രതയും ചൂടേറിയ കാലാവസ്ഥയും കാരണം കേരളത്തിൽ ശുചീകരണത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ കുറച്ച് കക്കൂസ് നിർമാണമൊക്കെ നടന്നിട്ടുണ്ടെങ്കിലും ഏഴുവർഷങ്ങൾക്കു മുൻപു മാത്രമാണ് ഗ്രാമീണശുചീകരണ പദ്ധതിയുടെ പ്രവർത്തനം ഊർജിതപ്പെടുത്തിയത്.

കേരളത്തിൽ വിവിധ ഗവൺമെന്റ് വകുപ്പുകളും സ്വകാര്യസംഘടനകളും ശുചീകരണ പദ്ധതിയിൽ പങ്കെടുക്കുന്നുണ്ട്. ആരോഗ്യവകുപ്പ്, ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഫിഷറീസ് വകുപ്പ്, ഹൗസിംങ് വകുപ്പ്, ഹരിജനവകുപ്പ്, ഗിരിജനവകുപ്പ്, സാമൂഹിക ക്ഷേമവകുപ്പ്, കേരള ജല അതോറിറ്റി എന്നീ ഗവൺമെന്റ് വിഭാഗങ്ങൾ ഇതിൽ പങ്കാളികളാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് വിവിധ ഏജൻസികൾ നിർമിച്ച കക്കൂസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഗ്രാമീണവികസന വകുപ്പ് | |
| a) | പരിസ്ഥിതി ശുചീകരണ പദ്ധതി | 3000 |
| b) | എൻ. ആർ. ഇ. പി. | 15065 |
| c) | ആർ. എൽ. ഇ. ജി. പി. | 62079 |
| d) | സി. ആർ. എസ്. പി. | 2250 |
| e) | ജെ. ആർ. വൈ | 71721 |
| f) | ഡി. ഡബ്ളിയു. സി. ആർ. എ. | 740 |
| ii) | എൻ. ജി. ഒ.സ് | 14525 |
| iii) | സോഷ്യോ ഇക്കണോമിക് യൂണിറ്റ്സ് | 8000 |
| iv) | പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ | 5941 |
| | മൊത്തം | 183321 |

ഗ്രാമവികസനവകുപ്പിന്റെ മേൽനോട്ടത്തിൽ നിർമിച്ചവയുടെ വർഷം പ്രതിയുള്ള കണക്ക്:

| | |
|---|---|
| 1987–88 | 25297 |
| 1988–89 | 24572 |
| 1989–90 | 36765 |
| 1990–91 | 38587 |
| 1991–92 | 29634 |

വർഷംപ്രതി 0.6 ശതമാനം വീടുകളിലാണ് കക്കൂസ് നിർമാണം നടക്കുന്നതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജനസംഖ്യാവർദ്ധനവും വീടുകളുടെ വർദ്ധനയും പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു. ഇന്നത്തെ രീതിയിൽ മുന്നോട്ടുപോയാൽ എല്ലാ വീടുകളിലും നിർമാണം പൂർത്തിയാക്കുവാൻ നൂറുവർഷത്തിലേറെക്കാലം വേണ്ടിവരും. നിരാശാജനകമായ ഒരു ചിത്രമാണിത്.

## സന്നദ്ധസംഘടനകളുടെ പങ്ക്

ശുചീകരണമേഖലയിൽ വനിതാസമാജങ്ങൾ ഉൾപ്പെടെ അനേകം സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.

സാന്ദ്രതയേറിയ സംസ്ഥാനങ്ങളിലെ തീരപ്രദേശങ്ങളിലും കോളനികളിലും വസിക്കുന്ന സ്ത്രീകളുടെ അവസ്ഥ പരമദയനീയമാണ്. സൂര്യോദയത്തിനു മുൻപും അസ്തമനത്തിനു ശേഷവുമാണ് ശൗച്യകർമ്മങ്ങൾക്കായി അവർക്കൽപ്പമെങ്കിലും സ്വകാര്യത ലഭിക്കുന്നത്.

ഗ്രാമീണജനതയ്ക്ക് വിശിഷ്യാ സ്ത്രീകൾക്ക് വേണ്ടത്ര കക്കൂസുകൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യശ:ശരീരയായ ശ്രീമതി ഇന്ദിരാഗാന്ധി ഊന്നിപ്പറയുകയുണ്ടായി. 1982–ൽ സംസ്ഥാന മുഖ്യമന്ത്രിമാർക്കയച്ച ഒരു കത്തിൽ അവർ ഇപ്രകാരം പറയുന്നു: 'ഗ്രാമപ്രദേശങ്ങളിലെ കക്കൂസുകളെ സംബന്ധിക്കുന്നതാണ് മറ്റൊരു പ്രശ്നം. ഭൂവസ്തുക്കളുടെ സംയോജനവും പട്ടണങ്ങളുടെയും കൃഷിസ്ഥലങ്ങളുടെയും വ്യാപനവും ഗ്രാമീണരുടെ പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നു. സ്ത്രീകളുടെ അവസ്ഥ ഏറെ കഷ്ടമാണ്. രാത്രികാലത്തുമാത്രമേ അവർക്കു പുറത്തു പോകാനാവൂ. അതത്ര സുരക്ഷിതവുമല്ല. കക്കൂസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമിക്കുവാനുള്ള പദ്ധതി ഗവണ്മെന്റ് ഏറ്റെടുക്കണം. അല്ലെങ്കിൽ പ്രാദേശിക സംഘടനകളുടെ സഹകരണം തേടണം.' കഴിഞ്ഞ നാലു ദശകങ്ങളായി ശുചീകരണമേഖലയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങളൊന്നും ശേഖരിച്ചിട്ടില്ലെന്ന് ഏഴാം പഞ്ചവത്സരപദ്ധതിയുടെ കരടുരേഖ തയ്യാറാക്കുന്ന അവസരത്തിൽ ബോധ്യപ്പെടുകയുണ്ടായി. ശുചീകരണ പദ്ധതികളിൽ സമൂഹത്തിനുള്ള പങ്കിനെക്കുറിച്ചു പഠിക്കാനും ശ്രമം നടന്നിട്ടില്ല. ആരോഗ്യപഠനം പൂർണമായും അവഗണിക്കപ്പെട്ടിരിക്കുകയാണെന്നും മനസ്സിലാക്കി. 1984–ൽ ഹെൽത്ത് സർവീസസിന്റെ ഡയറക്ടർജനറൽ അദ്ധ്യക്ഷനായി ഗവണ്മെന്റ് രൂപീകരിച്ച കമ്മറ്റി എല്ലാതലങ്ങളിലുമുള്ള ആരോഗ്യപഠനത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. ഗ്രാമീണ ജലവിതരണ ശുചീകരണ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു കമ്മറ്റിയുടെ ലക്ഷ്യം. പക്ഷെ ബജറ്റിൽ ആരോഗ്യപഠനപദ്ധതിയ്ക്ക് പ്രത്യേകഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ കമ്മറ്റിയ്ക്ക് പ്രവർത്തിക്കുവാൻ സാധിച്ചില്ല.

ഗ്രാമങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിലും, സ്കൂളുകളിലും, അംഗൻവാടികളിലും മറ്റും ശുചീകരണകക്കൂസുകൾ സ്ഥാപിക്കുവാനുള്ള ഒരു നിർമാണപദ്ധതി ഏഴാം പഞ്ചവത്സരപദ്ധതിയിൽ ആവിഷ്കരിച്ചു. തുടർന്ന് വിവിധ ഗ്രാമീണതൊഴിൽദാന പദ്ധതികളിലൂടെ വീടുകളിലെ കക്കൂസ് നിർമാണവും ഊർജിതപ്പെടുത്തി. ഇന്ദിരാ ആവാസ്‌യോജന പദ്ധതിപോലുള്ള ഗ്രാമീണ ഗൃഹനിർമ്മാണപദ്ധതികളും ആവിഷ്കരിക്കപ്പെട്ടു. പട്ടണങ്ങളിൽ തോട്ടികളെ ഒഴിവാക്കുവാൻ 1980 മുതൽക്ക് വെൽഫെയർ മന്ത്രാലയവും പദ്ധതികൾ നടപ്പിലാക്കി. സംയോജിത വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ചെറുകിട നഗരങ്ങളിൽ ചെലവുകുറഞ്ഞ ശുചീകരണപരിപാടികൾക്ക് നഗരവികസന മന്ത്രാലയം ധനസഹായം നൽകി. ഇത്തരം പദ്ധതികളുടെ പ്രവർത്തനത്തിൽ ഹഡ്കോ ഒരു മുഖ്യപങ്കുവഹിച്ചു.

കേന്ദ്ര ഗ്രാമീണശുചീകരണപദ്ധതി എന്ന പേരിലുള്ള ഒരു ദേശീയ പദ്ധതി 1986 ഒക്ടോബറിൽ ആരംഭിച്ചു. കേന്ദ്രവും സംസ്ഥാനങ്ങളും ഈ പദ്ധതിയിൽ പങ്കു വഹിച്ചു. 1986–ലെ ഇരുപതിന പരിപാടിയിലും 1987–88ലെ അടിസ്ഥാനാവശ്യ പരിപാടിയിലും ഗ്രാമീണശുചീകരണം ഉൾപ്പെടുത്തി. പദ്ധതി പ്രവർത്തനങ്ങളും ഗ്രാമീണ സാങ്കേതികവിദ്യയും മെച്ചപ്പെടുത്തുന്നതിനായി 1986–ൽ രൂപീകരിച്ച സമിതി സർക്കാരിതര സംഘടനകളിലൂടെ ഗ്രാമീണശുചീകരണ പദ്ധതിയുടെ പുരോഗതിക്ക് മുൻഗണന നൽകി. 1986–87–ൽ 102 ലക്ഷം രൂപയോടെ ആരംഭിച്ച പദ്ധതിയ്ക്ക് 1991–92–ൽ 894 ലക്ഷം രൂപ അനുവദിക്കപ്പെട്ടു. ആറുവർഷക്കാലം കൊണ്ട് ഈ സമിതി അഞ്ഞൂറിലേറെ എൻ.ജി.ഒ. സിന് സഹായം നൽകി. 18.27 കോടി രൂപയുടെ ഗ്രാമീണ ശുചീകരണ പദ്ധതികളാണ് ഇക്കാലത്ത് ഏറ്റെടുത്തു നടപ്പിലാക്കിയത്. എങ്കിലും പിൽക്കാലത്ത് സമിതിയുടെ മേൽനോട്ടത്തിന്റെ അഭാവത്തിൽ പദ്ധതിയുടെ പ്രവർത്തനം മിക്ക സംസ്ഥാനങ്ങളിലും മന്ദീഭവിച്ചു.

1988–89–ൽ യൂണിസെഫിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ശുചീകരണസെല്ലുകളും ഗ്രാമീണവികസന ഇൻസ്റ്റിറ്റ്യൂട്ടുകളും രൂപീകരിക്കപ്പെട്ടു. എല്ലാ നിലകളിലുമുള്ള ശുചീകരണപദ്ധതികളുടെ രൂപീകരണത്തിലും ആസൂത്രണത്തിലും സംസ്ഥാനത്തെ സഹായിക്കുക, സംസ്ഥാന–ജില്ലാ–ബ്ലോക്ക് തലങ്ങളിലുള്ള ഏജൻസികളുടെ നിർമാണ–പരിശീലനപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക, ഗവണ്മെന്റ് വകുപ്പുകളുടെയും സ്വകാര്യസംഘടനകളുടെയും ശുചീകരണസംബന്ധമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയായിരുന്നു സെല്ലുകളുടെ മുഖ്യോദ്ദേശം. നിർഭാഗ്യവശാൽ മിക്ക സെല്ലുകളും ദുർബലമായി തീർന്നതിനാൽ ഇവയുടെ പ്രവർത്തനം ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

1989 മാർച്ചു മാസത്തിൽ കേരള സാനിട്ടേഷൻ കോൺഫറൻസ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഇന്ത്യയിലെ ചെലവുകുറഞ്ഞ ശുചീകരണപദ്ധതികളുമായി ബന്ധപ്പെട്ട വ്യക്തികളെയും സംഘടനകളെയും ഒന്നിപ്പിക്കുക, ഇത്തരം പദ്ധതികളുടെ ആസൂത്രണ പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്യുക എന്നിവയായിരുന്നു കോൺഫറൻസിന്റെ ഉദ്ദേശം. കേരളത്തിലെ സാമൂഹിക–സാമ്പത്തിക യൂണിറ്റുകളും, വാട്ടർ അതോറിറ്റിയും, പൊതുജനാരോഗ്യ എഞ്ചിനിയർമാരുടെ അസ്സോസിയേഷനും ഒത്തുചേർന്നാണ് കോൺഫറൻസ് സംഘടിപ്പിച്ചത്. വിവിധ ഏജൻസികൾക്ക് നടപ്പിലാക്കാനുതകുന്ന ഫലവത്തായ നിർദ്ദേശങ്ങൾ പലതും കോൺഫറൻസ് മുന്നോട്ടുവച്ചു. ഇതിനുശേഷം അനേകം കോൺഫറൻസുകളും സെമിനാറുകളും വർക്ക്ഷോപ്പുകളും ഇത്തരം നിർദ്ദേശങ്ങളുമായി മുന്നോട്ടുവന്നുവെങ്കിലും തുടർന്നുള്ള പ്രവർത്തനങ്ങൾ പ്രതീക്ഷയ്ക്കൊത്തുയർന്നില്ല. 1992 സെപ്റ്റംബറിൽ ഇന്ത്യാഗവണ്മെന്റിന്റെ ഗ്രാമീണ വികസന വകുപ്പ് സംഘടിപ്പിച്ച സെമിനാറാണ് ഇത്തരത്തിൽ അവസാനത്തേത്. ഈ കോൺഫറൻസിന്റെ നിർദ്ദേശങ്ങളും വ്യത്യസ്തമായിരുന്നില്ല. 1989–ൽ ഇന്ത്യാഗവണ്മെന്റിന്റെ നയപരിപാടികളിൽ ചില മാറ്റങ്ങൾ വരുത്തി. പദ്ധതികളുടെ പ്രവർത്തനം സാമൂഹികാടിസ്ഥാനത്തിലാക്കി. ഗ്രാമീണ ശുചീകരണത്തെ സംബന്ധിച്ച് എട്ടാം പഞ്ചവത്സരപദ്ധതിയുടെ പഠനസംഘം പതിനഞ്ച് പാളിച്ചകൾ ചൂണ്ടിക്കാട്ടി. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജനങ്ങളെ സംഘടിപ്പിക്കുന്നതിലും പങ്കെടുപ്പിക്കുന്നതിലും ബോധവാന്മാരാക്കുന്നതിലും വ്യക്തമായ ഒരു കാഴ്ചപ്പാടില്ല. അതാണ് മുഖ്യമായ പാളിച്ച. ചെലവുകുറഞ്ഞ ശുചീകരണപദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വികേന്ദ്രീകൃത ഏജൻസികളുണ്ടാവണമെന്ന് പഠനസംഘം നിർദ്ദേശിച്ചു. കക്കൂസ്നിർമ്മാണത്തിലൂടെ വിസർജ്യവസ്തുക്കൾ നീക്കം ചെയ്യുകയും, മറ്റു മലിനവസ്തുക്കൾ സ്വയം നശിപ്പിക്കുവാൻ ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യണമെന്ന് റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു.

## നിഗമനങ്ങൾ

നാളിതുവരെ നടന്ന സെമിനാറുകളുടെയും, കോൺഫറൻസുകളുടെയും, വർക്ക്ഷോപ്പുകളുടെയും നിർദ്ദേശങ്ങൾ വിലയിരുത്തി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുതകുന്ന പ്രവർത്തനപദ്ധതികളുമായി മുന്നോട്ടുവരുവാൻ ഓരോ

ധമേഖലകൾക്ക് അനുയോജ്യമായ സാങ്കേതികരീതികളെക്കുറിച്ച് പഠിക്കാനാണ് ഈ പദ്ധതികൾ ലക്ഷ്യമിട്ടത്. 1958–62 കാലഘട്ടത്തിൽ ലക്നൗവിലെ പ്ലാനിംങ് റിസർച്ച് കം ആക്ഷൻ ഇൻസ്റ്റിറ്റ്യൂട്ട് ലോകാരോഗ്യസംഘടനയുടെയും ഫോർഡ് ഫൗണ്ടേഷന്റെയും ധനസഹായത്തോടെ ഗ്രാമീണകക്കൂസുകളെ സംബന്ധിച്ച ഒരു ഗവേഷണപദ്ധതി ഏറ്റെടുത്തു. 1958–നുശേഷം പല സംഘടനകളുടെയും ഗവേഷണപ്രവർത്തനങ്ങൾ ഈ മേഖലയ്ക്ക് ഒരു മുതൽക്കൂട്ടായിത്തീർന്നു. ലുധിയാനയിലെ അമേരിക്കൻ ഫ്രണ്ട്സ് സർവീസ്, മൈസൂർ രാമനഗരത്തിലെ ലോകാരോഗ്യസംഘടനാ പദ്ധതി, തമിഴ്നാട്ടിലെ ഗാന്ധിഗ്രാം ഇൻസ്റ്റിറ്റ്യൂട്ട്, നാഗ്പൂരിലെ സെൻട്രൽ പബ്ലിക് ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഒറീസ്സയിലെ അമേരിക്കൻ മിഷൻ, കേരളത്തിലെ നോർവീജിയൻ ലോകാരോഗ്യസംഘടനാപദ്ധതികൾ എന്നിവയുടെ പ്രവർത്തനം പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ത്യയിലെ ഗ്രാമീണജനതയ്ക്ക് പ്രദാനം ചെയ്യാവുന്നവയും സ്വീകാര്യവുമായ സാങ്കേതിക മാതൃകകൾ കണ്ടെത്താനുള്ള ശ്രമമാണ് ഓരോ പദ്ധതിയിലൂടെയും നടന്നത്. ഈ ശ്രമങ്ങളെല്ലാം സമഗ്രമായ പഠനത്തിന് വിധേയമാക്കുകയോ ശരിയായ രീതിയിൽ അപഗ്രഥിക്കപ്പെടുകയോ ചെയ്തിട്ടില്ല എന്ന വസ്തുത അവശേഷിക്കുന്നു.

1957–ൽ നടന്ന ആരോഗ്യമന്ത്രിമാരുടെ സമ്മേളനം ശുദ്ധജലവിതരണത്തിനും പരിസ്ഥിതിശുചീകരണത്തിനുമാണ് കൂടുതൽ പ്രാധാന്യം കൽപ്പിച്ചത. 1961–ൽ നാച്വറൽ വാട്ടർസപ്ലൈ ആന്റ് സാനിറ്റേഷൻ കമ്മറ്റി രൂപവൽക്കരിക്കപ്പെട്ടു. ജലവിതരണപദ്ധതികളും ശുചീകരണപദ്ധതികളും പൂർത്തിയാക്കുന്നതിന് 900 കോടിരൂപ അനുവദിക്കണമെന്ന് ഈ.കമ്മറ്റി നിർദ്ദേശിച്ചു. എങ്കിലും പഞ്ചവത്സരപദ്ധതികളിൽ വേണ്ടത്ര ധനസഹായം അനുവദിക്കപ്പെട്ടില്ല. അതേസമയം ജലവിതരണത്തിന്റെയും ശുചീകരണത്തിന്റെയും പ്രശ്നം കൂടുതൽ രൂക്ഷതരമായി. ജലവിതരണപ്രവർത്തനങ്ങൾക്കു പുറമെ ഓരോ ബ്ലോക്കിലും വർഷംപ്രതി 500 ശുചീകരണകക്കൂസുകൾ നിർമ്മിക്കണമെന്ന് 1962–ൽ ലക്നൗവിലെ പ്ലാനിംങ് റിസർച്ച് ആന്റ് ആക്ഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ആൾ ഇന്ത്യാ സെമിനാർ നിർദ്ദേശിച്ചു. പ്രശ്നങ്ങൾ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുവാൻ സ്വതന്ത്ര ജല-മലിനജല ബോർഡുകൾ രൂപവൽക്കരിക്കണമെന്ന നിർദ്ദേശമാണ് 1964–ൽ നടന്ന അഖിലേന്ത്യാസെമിനാർ മുന്നോട്ടുവച്ചത്. ഇന്ത്യയിൽ മൊത്തം 565000 ഗ്രാമങ്ങൾ ഉള്ളതിൽ ഒരുലക്ഷം ഗ്രാമങ്ങളിലെങ്കിലും 1969 ഒക്ടോബർ 2–ന് മുൻപ് കുടിവെള്ളം ലഭ്യമാക്കണമെന്ന് ഗാന്ധി ശതാബ്ദി ആഘോഷങ്ങളുടെ പശ്ചാത്തലത്തിൽ നടന്ന നാഷണൽ കോൺഫറൻസ് നിശ്ചയിച്ചു. പക്ഷെ, കുടിവെള്ളപ്രശ്നത്തെ അഭിമുഖീകരിക്കുന്ന ഗ്രാമങ്ങളുടെ എണ്ണം ഒട്ടും കുറഞ്ഞിട്ടില്ല എന്ന ദു:ഖസത്യം അവശേഷിക്കുന്നു.

മെച്ചപ്പെട്ട ശുചീകരണത്തിനുവേണ്ടി ഗാന്ധിയൻ സ്ഥാപനങ്ങൾ കഠിനപ്രയത്നം നടത്തിയിട്ടുണ്ട്. തോട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരെ സ്വതന്ത്രരാക്കുന്നതിനും വേണ്ടി ഗാന്ധിസ്മാരകനിധിയുടെയും ഹരിജൻ സേവക്സംഘിന്റെയും സഹായത്തോടെ ഗാന്ധിജിസെന്റിനറിയ്ക്കുള്ള നാഷണൽ കമ്മറ്റി പല പദ്ധതികളും ആരംഭിച്ചു. ചെലവു കുറഞ്ഞ ശുചീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സ്ഥാപനങ്ങൾ വ്യാപകമായ പ്രചാരണം നടത്തി. പ്രശ്നപരിഹാരത്തിന് ചെലവുകുറഞ്ഞ മാർഗങ്ങൾ പരീക്ഷിക്കണമെന്ന ബോധം ആസൂത്രകരിലും വളർന്നുവന്നു. 1963–ൽ ശ്രീ ഈശ്വർഭായിപട്ടേലിന്റെ നേതൃത്വത്തിൽ അഹമ്മദാബാദിലെ 'എൻവിറോൺമെന്റൽ സാനിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കപ്പെട്ടു. ഇന്ത്യയിലേയും അയൽരാജ്യങ്ങളിലേയും ചെലവുകുറഞ്ഞ ശുചീകരണപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സാമൂഹികപ്രവർത്തകർക്ക് പരിശീലനവും മാർഗനിർദേശവും നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. 1970–ൽ ഡോ: ബിന്ദേശ്വർ പഥകിന്റെ നേതൃത്വത്തിൽ 'സുലഭ്പ്രസ്ഥാനം' ആരംഭിക്കുകയും 'സുലഭ് ഇന്റർനാഷണൽ' എന്ന സന്നദ്ധസംഘടന നിലവിൽ വരികയും ചെയ്തു. ലാഭേച്ഛ കൂടാതെ സാമൂഹികസേവനം നടത്തുന്ന ഒരു സംഘടനയാണിത്.

1978–ൽ ഇന്ത്യാ ഗവണ്മെന്റ്, ലോകാരോഗ്യസംഘടന, യുണിസെഫ് എന്നിവയുടെ ആഭിമുഖ്യത്തിൽ പാറ്റ്നയിൽ ഒരു നാഷണൽ സെമിനാർ നടത്തപ്പെട്ടു. ഈ സെമിനാർ ഗുജറാത്തിലെയും ബീഹാറിലെയും ഗാന്ധിയൻ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുകയും പുതിയതരം കക്കൂസുകൾ വ്യാപകമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. നഗരങ്ങളിലെ മലിനനിർമാർജനത്തിനുള്ള ചെലവുകുറഞ്ഞ മാർഗങ്ങളെ സംബന്ധിച്ച് 1980–ൽ കൽക്കട്ടയിൽ നടന്ന ഇന്റർനാഷണൽ സെമിനാറിലും ഇത്തരം നിർദ്ദേശങ്ങളാണ് ഉരുത്തിരിഞ്ഞുവന്നത്.

ദേശാന്തരീയ ശുദ്ധജലവിതരണശുചീകരണ ദശകം (1981 – 1990) ആരംഭിച്ചതോടെ ശുദ്ധജലവിതരണത്തിനും ശുചീകരണത്തിനുമുള്ള പദ്ധതികളുടെ ഫലവത്തായ ആസൂത്രണത്തിനും പൂർത്തീകരണത്തിനുമുതകുന്ന ആശയവും തന്ത്രവും ആവിഷ്കരിക്കപ്പെട്ടു. പത്തുവർഷങ്ങളക്കുള്ളിൽ ജനങ്ങൾക്ക് ശുദ്ധജലവും ശുചീകരണസംവിധാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1981–ൽ ഇന്ത്യാഗവണ്മെന്റ് നടപ്പിലാക്കിയ പദ്ധതിയാണ് ദേശാന്തരീയ ശുദ്ധജലവിതരണ ശുചീകരണദശകം. ദശകപദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ 1978–79–ൽ ആരംഭിച്ചപ്പോൾ ശുചീകരണമേഖലയിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിനായി ലോകബാങ്കിന്റെ സഹായത്തോടെ ഇന്ത്യാഗവണ്മെന്റ് ഒരു ചെലവുകുറഞ്ഞ ശുചീകരണപദ്ധതിയ്ക്ക് തുടക്കംകുറിച്ചു. ഈ പദ്ധതി കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇന്ത്യാഗവണ്മെന്റിനു വേണ്ട സാങ്കേതികമാർഗനിർദ്ദേശവും സഹായവും നൽകുന്നതിനായി 1978–ൽ ഒരു സാങ്കേതിക ഉപദേശകസമിതിയ്ക്ക് രൂപം നൽകി. ഈ സമിതിയ്ക്ക് സഹായംനൽകിയ ലോകബാങ്ക് സമുചിത ശുചീകരണ മാർഗങ്ങളെ സംബന്ധിക്കുന്ന ഒരു പഠനപുസ്തകം തയ്യാറാക്കുന്നതിൽ മുൻകൈ സ്വീകരിച്ചു. വിഭിന്ന ജലഭൂതലാവസ്ഥകളിലും സാമൂഹികസാമ്പത്തികാവസ്ഥകളിലും മലിനവസ്തുക്കൾ നിർമ്മാർജനം ചെയ്യുവാനുള്ള വിവിധ മാർഗങ്ങൾ ഈ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു.

വിവിധ സംസ്ഥാനങ്ങളിലെ പുതിയ ശുദ്ധജലവിതരണപദ്ധതികൾക്കും ശുചീകരണപദ്ധതികൾക്കും സാങ്കേതിക സാമ്പത്തിക സഹായം നൽകുന്നതിനായി വിദേശരാഷ്ട്രങ്ങളും ബഹുരാഷ്ട്ര സംഘടനകളും മുന്നോട്ടുവന്നു. യൂണിസെഫ്, ലോകബാങ്ക് എന്നീ ബഹുരാഷ്ട്രസംഘടനകളും, നെതർലാന്റ്സ്, ഡെൻമാർക്ക്, സ്വിറ്റ്സർലാന്റ്, സ്വീഡൻ എന്നീ വിദേശരാഷ്ട്രങ്ങളും ഇവയിലുൾപ്പെടുന്നു. നെതർലാന്റ്സിന്റെ സഹായം ഉത്തർപ്രദേശ്, ഗുജറാത്ത്, ആന്ധ്രപ്രദേശ്, കർണാടകം, കേരളം എന്നീ സംസ്ഥാനങ്ങൾക്കാണ് ലഭിച്ചത്. ഒറീസ്സ, മധ്യപ്രദേശ്, കർണ്ണാടകം, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ ഡാനിഷ് പദ്ധതികൾ നടപ്പിലാക്കി. കേരളത്തിലെ പദ്ധതികൾക്ക് പ്രത്യേകിച്ച സാമൂഹിക–സാമ്പത്തിക വിഭാഗത്തിന് നെതർലാന്റ്സിന്റെയും ഡെൻമാർക്കിന്റെയും സംയുക്തമായ സഹായം ലഭിച്ചുവെന്ന വസ്തുത. പ്രത്യേകം ശ്രദ്ധേയമാണ്.

ഇതേകാലഘട്ടത്തിൽ ഗ്രാമപ്രദേശങ്ങളിലെ കക്കൂസ്നിർമാണത്തിനായി അനേകം വനിതാസംഘടനകൾ മുന്നോട്ടുവന്നതും ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചു. കക്കൂസുകളുടെ അഭാവത്തിൽ കൂടുതൽ വിഷമതകൾ അനുഭവിക്കുന്നത് ഗ്രാമങ്ങളിലെയും ചേരിപ്രദേശങ്ങളിലെയും സ്ത്രീകളാണ്. അതുകൊണ്ട് ശുചീകരണപദ്ധതികൾ സ്ത്രീകളുടെ വികസനപദ്ധതികളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണം. ജന

# ഇന്ത്യയിലെ ചെലവുകുറഞ്ഞ ശുചീകരണം - ചരിത്രപരമായ ഒരു പഠനം

ഡോ. കെ ബാലചന്ദ്രക്കുറുപ്പ്
എക്സിക്യൂട്ടീവ് കോർഡിനേറ്റർ, എസ് ഇ യു - കേരള

*ഇൻഡ്യയിൽ 1943 -ൽ തന്നെ പരിസര ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ആളുകൾക്ക് ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും, ശരിയായ ഉപയോഗവും,. പരിപാലനരീതികളും വ്യാപകമാക്കുന്നതിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. സാക്ഷരത വളരെ കൂടിയ സ്ഥലമായ കേരളത്തിൽ പോലും സ്ഥിതി പ്രോൽസാഹനജനകമല്ലെന്ന വസ്തുത വളരെ പരിതാപകരമാണ്. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരുന്ന അനവധി പരിസര ശുചീകരണ പ്രവർത്തനങ്ങൾ അർത്ഥവത്തായ ഗുണങ്ങൾ പ്രദാനം ചെയ്യാതെ വരുന്നതിന്റെ കാരണങ്ങൾ, ജനപങ്കാളിത്തത്തിന്റെയും, ആരോഗ്യബോധനപ്രവർത്തനങ്ങളുടെയും അഭാവം കൊണ്ടാണ്. ജീവിതനിലവാരം മെച്ചപ്പെടുന്നതിനുവേണ്ടി കാര്യക്ഷമമായതും, സ്ഥായിയായതുമായ ഒരു പരിസര ശുചീകരണ ശൈലി ആവിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനെ സഹായിക്കുന്നതിനുവേണ്ടി ഒരു മുന്നോടിയായി ഉടനെതന്നെ വിവിധ ഏജൻസികൾ നടത്തുന്ന പരിസര ശുചീകരണപ്രവർത്തനങ്ങളും, രീതികളും അവലോകനം ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ടത് വളരെ ആവശ്യമാണ്.*

മെച്ചപ്പെട്ട ആരോഗ്യത്തിന് അനിവാര്യമായ രണ്ടു ഘടകങ്ങൾ ശുദ്ധജലവും പരിസ്ഥിതി ശുചീകരണവുമാണെന്ന് കരുതപ്പെടുന്നു. ഇന്ത്യയിൽ ശുചീകരണാസൂത്രണത്തിന് അൻപതു വർഷത്തെ പഴക്കമേയുള്ളു. ബ്രിട്ടീഷുകാർ ഭരണമേറ്റെടുത്ത കാലത്തുതന്നെ പാശ്ചാത്യസാങ്കേതിക മാർഗങ്ങൾ സ്വീകരിച്ചിരുന്നുവെങ്കിലും 1943–ൽ മാത്രമാണ് ദേശീയതലത്തിൽ ശുചീകരണ പ്രശ്നങ്ങൾ വിലയിരുത്തുവാൻ ഒരു ആരോഗ്യപഠനവികസന സമിതി രൂപീകരിക്കപ്പെടുന്നത്. ഇതിനു മുൻപ് ചില പ്രാദേശിക ഭരണകൂടങ്ങൾ ശുചീകരണപദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. 1928–ലും 1935–ലും നിലവിലിരുന്ന ഭരണകൂടങ്ങൾ ഗ്രാമപ്രദേശത്ത് കക്കൂസുകൾ നിർമിക്കുന്നതിനുള്ള പദ്ധതിയ്ക്ക് നടപടികൾ സ്വീകരിച്ചു. വ്യവസ്ഥാപിതമായ ഒരു പദ്ധതിയായിതിനെ കണക്കാക്കാൻ കഴിയില്ല. ജില്ലാതലത്തിലുള്ള ആരോഗ്യസംരക്ഷണോദ്യോഗസ്ഥന്മാരുടെ പരിശ്രമത്തെ മാത്രം ആശ്രയിക്കുന്ന ഒരു പദ്ധതിയായിരുന്നു ഇത്. ബംഗാൾ, ബോംബെ, മദ്രാസ്, മൈസൂർ, പഞ്ചാബ്, ബീഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഗ്രാമങ്ങളിൽ കക്കൂസ് നിർമ്മാണത്തിൽ കൂടുതൽ താൽപര്യം പ്രകടിപ്പിക്കുകയുണ്ടായി.

1932–ൽ തോട്ടികളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മഹാത്മാഗാന്ധി ഹരിജൻ സേവക്സംഘ് രൂപീകരിച്ചു. ഈ സംഘടനയിലൂടെ പഴയതരം കക്കൂസുകൾ പലതും കുറഞ്ഞ ചെലവിൽ പുതിയതരം കക്കൂസുകളാക്കി മാറ്റി. തുടർന്ന് സംഘടനാപ്രവർത്തകർ അർപ്പണമനോഭാവത്തോടെ ഈ ദൗത്യം ഏറ്റെടുത്തു നടപ്പിലാക്കി. ആചാര്യ വിനോബാഭാവേ, ബൻകോ ബദാവേ, അപ്പാ സാഹബ് പട്‌വർധൻ, ഈശ്വർഭായ് പട്ടേൽ എന്നിവർ ആശ്രമപ്രവർത്തനങ്ങളുടെ ഭാഗമായി തോട്ടിപ്പണിയിലേർപ്പെടുകയും ജനങ്ങളുടെ ചിന്താഗതിയിൽ വിപ്ളവകരമായ മാറ്റം വരുത്തുകയും ചെയ്തു. സാമൂഹിക–സാംസ്കാരിക–സാമ്പത്തിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വിവിധമേഖലകൾക്ക് അനുയോജ്യമായ തരത്തിലുള്ള കക്കൂസുകൾക്ക് രൂപംനൽകി. 1940–ൽ കൽക്കട്ട കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈജിൻ ആന്റ് പബ്ളിക് ഹെൽത്ത് എന്ന സംഘടനയുടെ സഹായത്തോടെ ബംഗാളിലെ പദ്ധതിപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി. 1945–ൽ ബോറേ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഗവൺമെന്റിനു സമർപ്പിക്കപ്പെട്ടു. അൻപതിനായിരമോ അതിലേറെയോ ജനസാന്ദ്രതയുള്ള എല്ലാ പട്ടണങ്ങളിലും ആവശ്യമുള്ള ശുദ്ധജലം 35 വർഷങ്ങൾക്കുള്ളിൽ ലഭ്യമാക്കുക, പത്തുവർഷങ്ങൾക്കുള്ളിൽ ജലനിർഗമന സംവിധാനം ഏർപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾ ഇവയിലുൾപ്പെടുന്നു. കമ്മറ്റിയുടെ നിർദ്ദേശങ്ങളിൽ മിക്കവയും നിറവേറ്റപ്പെട്ടിട്ടില്ല.

പരിസ്ഥിതി ശുചീകരണാസൂത്രണത്തിനും വിലയിരുത്തലിനുമായി 1948–49–ൽ ദേശീയഗവൺമെന്റ് ഒരു പരിസ്ഥിതി ആരോഗ്യരക്ഷാകമ്മിറ്റിയ്ക്ക് രൂപം നൽകി. തൊണ്ണൂറുശതമാനം ജനങ്ങൾക്ക് ബാധകമാകുന്ന ഒരു നാല്പതു വർഷ പദ്ധതി ഈ കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. ഈ കമ്മറ്റിയുടെ. റിപ്പോർട്ടും അവഗണിക്കപ്പെടുകയാണുണ്ടായത്. 1950–കളിൽ ലോകാരോഗ്യസംഘടന ലക്നൗവിലും തിരുവനന്തപുരത്തും നടപ്പിലാക്കാനായി രണ്ട് പൈലറ്റ് പദ്ധതികൾ ആവിഷ്കരിച്ചു. പരിസ്ഥിതി ശുചീകരണപദ്ധതി എന്ന പേരിലറിയപ്പെടുന്ന തിരുവനന്തപുരം പദ്ധതി 1957–ൽ പബ്ളിക് ഹെൽത്ത് എഞ്ചിനിയറിങ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. വലിയൊരു കുഴിയും അതിനുമുകളിൽ സ്ലാബും, ജലക്കോപ്പയുമടങ്ങുന്ന കക്കൂസുകൾ പ്രചരിപ്പിക്കപ്പെട്ടു. 1959–ൽ തിരുവനന്തപുരം പട്ടണത്തിൽ തോട്ടികൾ നടത്തിയ സമരത്തെ തുടർന്ന് പഴയതരം കക്കൂസുകൾ മാറ്റുകയും പുതിയവ സ്ഥാപിക്കുകയും ചെയ്തു. പിൽക്കാലത്ത് എൻ.ഇ.എസ്. ബ്ലോക്കുകൾ 75 ശതമാനം ഗവൺമെന്റ്സഹായത്തോടെ കേരളത്തിന്റെ മറ്റുഭാഗങ്ങളിലും ഇവ പ്രചരിപ്പിച്ചു.

സ്വാതന്ത്ര്യലബ്ധിക്കുശേഷവും ഗ്രാമപ്രദേശങ്ങളിലെ ശുചീകരണം മെച്ചപ്പെടുത്തുന്നതിനുള്ള കൂട്ടായശ്രമത്തിന വേണ്ടത്ര പ്രാധാന്യം നൽകപ്പെട്ടില്ല. 1954–ൽ മാത്രമാണ് ആദ്യപഞ്ചവത്സര പദ്ധതിയിൽ ഗ്രമീണശുചീകരണപരിപാടി ഉൾപ്പെടുത്തിയത്. ഗ്രാമീണജലവിതരണത്തിനും ശുചീകരണസംവിധാനത്തിനും സംസ്ഥാനഗവൺമെന്റുകൾക്ക് അൻപതുശതമാനം ധനസഹായം നൽകുന്ന തരത്തിലാണ് പരിപാടി ആവിഷ്കരിക്കപ്പെട്ടത്. ഗ്രാമീണ ശുചീകരണത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ലെന്ന വസ്തുത രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനഘട്ടത്തിലാണ് ബോദ്ധ്യപ്പെട്ടത്. ആദ്യ പഞ്ചവത്സരപദ്ധതിയിൽ ഗ്രാമീണ ജലവിതരണത്തിനും ശുചീകരണപദ്ധതികൾക്കുമായി ആറുകോടി രൂപ അനുവദിച്ചിരുന്നു. ഈ തുക കാലാനുസൃതമായി വർദ്ധിക്കുകയും എട്ടാം പഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും വകയായി 16,436.03 കോടിരൂപ അനുവദിക്കപ്പെടുകയും ചെയ്തു.

ആരോഗ്യവകുപ്പു മന്ത്രാലയം 1956–ൽ ഫോർഡ് ഫൗണ്ടേഷന്റെ ധനസഹായത്തോടെ ഒരു ഗവേഷണ പ്രവർത്തനപദ്ധതിയ്ക്ക് രൂപംനൽകി. തമിഴ്നാട്ടിലുള്ള പൂനമല്ലിയിലും ബംഗാളിലെ സിങ്കൂരിലും ദൽഹിയിലെ നജഫ്ഗാറിലും ഈ പദ്ധതിയുടെ പ്രവർത്തനം ഊർജിതമായി നടന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ മേൽനോട്ടത്തിൽ ഇത്തരം പദ്ധതികൾ കേരളത്തിലും ബംഗാളിലും, ബോംബെയിലും പഞ്ചാബിലും നടപ്പിലാക്കി. വിവി

# ജലസന്ദേശ്

സോഷ്യോ-ഇക്കണോമിക് യൂണിറ്റ് കേരളത്തിന്റെ വാർത്താ പത്രിക*

ജൂലൈ - ഡിസംബർ 1992 വാല്യം 5 ലക്കം 3 & 4

## ഉള്ളടക്കം


- ഇൻഡ്യയിലെ ചെലവു കുറഞ്ഞ ശുചീകരണം
- കേരളത്തിലെ ഗ്രാമശുചീകരണ പദ്ധതി
- ലോകബാങ്കിന്റെ സഹായമുള്ള ചെലവു കുറഞ്ഞ കക്കൂസ് പരിപാടി
- കപാർട്ട് സഹായമുള്ള കേരളത്തിലെ ശുചീകരണ പരിപാടി
- കെ.ഡബ്ല്യൂ.എ / എസ്. ഇ. യു. വാർത്തകൾ


## എഡിറ്റോറിയൽ

*പരിസരശുചീകരണ സൗകര്യങ്ങളുടെ കുറവ് ജനങ്ങളുടെ ജീവതനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന വസ്തുത പരക്കെ അംഗീകാരമുള്ളതാണ്. പരിസരശുചീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് ദേശീയ കാഴ്ചപ്പാടുള്ള ഒരു റിപ്പോർട്ട് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത് 1943-ലാണ്. അതിനുശേഷം പരിതസ്ഥിതി-പരിസരശുചീകരണ രംഗം മെച്ചപ്പെടുത്താൻ ധാരാളം ശ്രമങ്ങൾ നടന്നുവരുന്നു. 50 വർഷങ്ങൾ പിന്നിട്ടിട്ടും, ഈ മേഖലയിൽ നമുക്ക് ഇനിയും ഏറെ ദൂരം പിന്നിടുവാനുണ്ട് എന്നു മനസ്സിലായിരിക്കുന്നു. ഇതിനു കാരണം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസാന്ദ്രതയും, നമ്മുടെ തീരപ്രദേശങ്ങളുമാണ്. ഉയർന്ന സാക്ഷരതാ നിലവാരവും, വർദ്ധിച്ച രാഷ്ട്രീയ-സാമൂഹിക അവബോധവും ഉള്ള കേരളീയർക്ക് പരിസരശുചീകരണത്തിന്റെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കുന്ന ബോധന പരിപാടികളും, പ്രവർത്തനങ്ങളും പ്രത്യേകിച്ചു നൽകേണ്ടതില്ല എന്ന തെറ്റിദ്ധാരണ ഉന്നത ഉദ്യോഗസ്ഥന്മാരുടെയും, വിദ്യാസമ്പന്നരുടെയും മനസ്സിൽ കടന്നിട്ടുണ്ട്. നാട്ടിൽ പരിസരശുചീകരണ പ്രവർത്തനങ്ങൾ ആദ്യമായി തുടങ്ങിയ കാലയളവിൽ നിർമ്മിക്കപ്പെട്ട കക്കൂസുകളുടെ ശോചനീയാവസ്ഥ ഈ സത്യം വെളിപ്പെടുത്തുന്നു. ഉദാ: നിറഞ്ഞുകവിഞ്ഞതും, വൃത്തികെട്ടതുമായ ഇ. എസ്. പി കക്കൂസുകൾ സർവ്വസാധാരണമായി പല പഞ്ചായത്തുകളിലും കാണാവുന്നതാണ്.*

*കേരളത്തിലെ നിരവധി സ്ഥാപനങ്ങൾ - സർക്കാർ വകുപ്പുകളും, സർക്കാരിതര വകുപ്പുകളും പരിസരശുചീകരണ രംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. അവരുടെയൊക്കെ പ്രവർത്തനങ്ങളുടെ വ്യാപ്തി, പ്രവർത്തന ശൈലി, ഫലങ്ങൾ തുടങ്ങിയ വിവരങ്ങളുടെ വിശ്വസനീയമായ യാതൊരു രേഖയും ലഭ്യമല്ല. 'ഇൻഡ്യയിലെ പരിസരശുചീകരണ 'പ്രവർത്തനങ്ങളുടെ വികാസം - ഒരു ചരിത്ര അവലോകനം' എന്ന ലേഖനം ഇന്ന് രാജ്യത്തു നടക്കുന്ന വിവിധ പരിപാടികളുടെ ശാസ്ത്രീയമായ പഠനം/അവലോകനം വേണ്ടതിന്റെ പ്രാധാന്യത്തിന് ഊന്നൽ കൊടുക്കുന്നു. പരിസരശുചീകരണ പ്രവർത്തനങ്ങളിൽ പദ്ധതി നടത്തിപ്പുകാർ പതിവായി അവഗണിക്കാറുള്ള ആരോഗ്യബോധന പരിപാടികളുടെയും പദ്ധതി പൂർത്തീകരണത്തിനുശേഷമുള്ള പഠനങ്ങളുടെയും പ്രാധാന്യം ഈ ലേഖനത്തിൽ പ്രതിപാദിക്കപ്പെടുന്നു.*

*ജലസന്ദേശിന്റെ ഈ ലക്കത്തിൽ കേരളത്തിൽ പരിസരശുചീകരണമേഖലയിൽ ഇപ്പോൾ നടന്നുവരുന്ന വിവിധ പരിപാടികളെ സംബന്ധിച്ച് ലഭ്യമായ ചില വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഈ രംഗത്ത് വിപുലമായ തോതിൽ ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നത് സന്തോഷത്തിനു വക നല്കുന്നുണ്ടെങ്കിലും, സംയുക്തമായ ഒരു ശ്രമം ഇതിനുവേണ്ടി നടക്കുന്നില്ല എന്നത് നിർഭാഗ്യകരമത്രേ. പരിസരശുചീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും, സംഘടനകളും ഒത്തൊരുമിച്ചു ഏകീകൃതമായി പ്രവർത്തിക്കുകയാണെങ്കിൽ മെച്ചപ്പെട്ട ആരോഗ്യനിലവാരം കൈവരിക്കുന്ന കാര്യത്തിൽ വളരെ മുമ്പിലെത്താൻ കഴിയും എന്നത് നിശ്ചയമാണ്.*

---

* *ശുദ്ധജലവിതരണ - പരിസരശുചീകരണ പദ്ധതി*